# ദി ഡിഫെൻഡർ

Vol. No. 10 Issue No. 7 RNI Reg. No. 68089 / 97 Published From Perumbavoor 2007 APRIL 1 Price: Rs.100/- P.A.


# എം. എ. വർഗീസും ചുമ്മാഡോ ആയി

അങ്ങനെ നമ്മുടെ എം.എ.വർഗീസും ചുമ്മാഡോ ആയി. സകല പെന്തക്കോസ്തുകാർക്കും അഭിമാനിക്കാം. ആനന്ദ സാഗരത്തിൽ ആറാടാം. അനുമോദന യോഗവും നടത്താം.

ക്രൈസ്തവചിന്തയുടെ മാർച്ച് ലക്കം അവസാന പേജിലാണ് ഒരു പരസ്യത്തിന്റെ രൂപത്തിൽ ഈ അത്ഭുതസംഭവം കണ്ടത്. മാർച്ച് 19, 20 തീയതികളിൽ ലിവർപൂളിൽ നടന്ന മിറക്കിൾ ക്രൂസേഡിൽ എം.എ.വർഗീസ് പ്രസംഗിക്കുന്നു എന്ന അറിയിപ്പോടൊപ്പം ഇപ്രകാരം കാണുന്നു:

Rev.Dr. M.A.Varghese,
Former Scientist,
(Aeronautical Development Establishment- India).



എം.എ.വർഗീസ് ശാസ്ത്രജ്ഞനായിരുന്നോ എന്ന് അറിയാൻ വിവരാവകാശ നിയമം അനുസരിച്ച് Aeronautical Development Establishmentന് ഡിഫെൻഡർ അപേക്ഷ നൽകിയിട്ടുണ്ട്. അതിന്റെ മറുപടി ലഭിക്കുമ്പോൾ വിശദമായ വിവരം ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കുന്നതാണ്. പക്ഷേ ഡോക്ട്രേറ്റ് ആണല്ലോ ഇവിടത്തെ വിഷയം.

എം.എ.വർഗീസിന് എന്നാണ് ഡോക്ട്രേറ്റ് കിട്ടിയത്? ഏതു യൂണിവേഴ്സിറ്റിയാണ് ഡോക്ട്രേറ്റ് കൊടുത്തത്? എന്തായിരുന്നു ഗവേഷണ വിഷയം? ഡോക്ടർ എം.എ.വർഗീസ് എന്ന് പത്രത്തിൽ അടിച്ചു വിട്ടതുകൊണ്ട് ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം ലഭിക്കാൻ പൊതുജനങ്ങൾക്ക് അവകാശമുണ്ട്. എം.എ.വർഗീസിന് ഡോക്ട്രേറ്റ് ലഭിച്ചിട്ടുണ്ടെങ്കിൽ ഡിഫെൻഡറിന് സന്തോഷമേയുള്ളൂ. പക്ഷേ ചുമ്മാഡോകൾ അരങ്ങു തകർക്കുന്ന ഈ കാലത്ത് എം.എ.വർഗീസിന് കിട്ടിയത് ചുമ്മാഡോ ആണോ എന്ന് അറിയണം.

എം.എ.വർഗീസിന് ഡോക്ട്രേറ്റ് ഇല്ലെങ്കിലും നല്ല ശുശ്രൂഷകനല്ലേ എന്ന് ചിലരെങ്കിലും ചോദിച്ചേക്കാം. ഡോക്ട്രേറ്റ് ഇല്ലെങ്കിലും ശുശ്രൂഷ നന്നായാൽ പോരെ എന്നും ചോദിച്ചേക്കാം. ആത്മീയ ശുശ്രൂഷ ചെയ്യാൻ ഡോക്ട്രേറ്റ് വേണമെന്നില്ല. പക്ഷേ തനിക്ക് ഡോക്ട്രേറ്റ് ഉണ്ട് എന്ന് കള്ളം പറയുന്നവൻ ദൈവദാസനല്ല സാക്ഷാൽ പിശാചിന്റെ ദാസനാണ്. എം.എ.വർഗീസിന്റെ ശുശ്രൂഷയുടെ മഹത്വം പറയാതിരിക്കുകയാണ് ഭേദം.

## ലിവർപൂളിൽ അത്ഭുതം നടന്നോ?

ലിവർപൂളിൽ നടന്നത് മിറക്കിൾ ക്രൂസേഡ് ആണ്. കുറഞ്ഞപക്ഷം ഒരു മിറക്കിൾ എങ്കിലും നടക്കാതെ മിറക്കിൾ ക്രൂസേഡ് ആകില്ലല്ലോ. അതുകൊണ്ട് ചോദിക്കട്ടെ: അത്ഭുതം എന്ന് തീർത്തു പറയാവുന്ന എന്തെങ്കിലും ഒന്ന് നടന്നോ? നടന്നെങ്കിൽ എന്താണ്? വിശദ വിവരങ്ങൾ അറിയിച്ചാൽ ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കാം.

ഒരു കാലിനോ കൈയ്ക്കോ മറ്റേ കാലിനേക്കാൾ അല്ലെങ്കിൽ കൈയ്യേക്കാൾ ഏതാനും മില്ലീമീറ്റർ നീളക്കുറവുണ്ട് എന്നു പറഞ്ഞ് എം.എ.വർഗീസ് പലരുടേയും കാലും കൈയ്യും ഒക്കെ വലിച്ചു നീട്ടാറുണ്ട്. പമ്പര വിഡ്ഢികൾ ഇതൊക്കെ കണ്ട് ഹാലേലൂയ്യാ പറയാറുമുണ്ട്. അത്തരത്തിൽ ചിലതൊക്കെ ലിവർപൂളിലും നടന്നുകാണും. അതല്ലാതെ യഥാർത്ഥ അത്ഭുതം നടന്നെങ്കിൽ അറിയിക്കുക.

# ഡിഫെൻഡർ ഇനി ഇന്റർനെറ്റിൽ ലഭിക്കും

ഈ ലക്കം മുതൽ ഡിഫെൻഡർ ഇന്റർനെറ്റിൽ ലഭിക്കും. ഡിഫെൻഡറിന്റെ ഇന്റർനെറ്റ് എഡിഷൻ വായിക്കുവാൻ വരിസംഖ്യ നൽകേണ്ടതില്ല.

ഏതാനും വർഷം മുൻപു വരെ ഡിഫെൻഡർ ഇന്റർനെറ്റിൽ ലഭിക്കുമായിരുന്നു. ആയിരക്കണക്കിന് ആളുകൾ ഇന്റർനെറ്റിലൂടെ ഡിഫെൻഡർ പതിവായി വായിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇന്റർനെറ്റിലൂടെ ഡിഫെൻഡർ വായിക്കാമെന്നതിനാൽ വരിസംഖ്യ തന്ന് പത്രം വാങ്ങുന്നവരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായി. അത് ഡിഫെൻഡറിന്റെ സാമ്പത്തിക അടിത്തറ തകർത്തു. ഇന്റർനെറ്റ് എഡിഷൻ നിർത്തുകയല്ലാതെ പോംവഴിയില്ലെന്നു വന്നു.

ഇന്റർനെറ്റ് എഡിഷൻ നിർത്തിയശേഷം ഈമെയിലിലൂടെ വരിക്കാർക്ക് ഡിഫെൻഡർ അയച്ചുതുടങ്ങി. നിരവധി ആളുകൾ ഈമെയിൽ വരിക്കാർ ആകുകയും ചെയ്തു. കൂടാതെ, പോസ്റ്റിലൂടെ ഡിഫെൻഡർ വിദേശത്തേക്ക് അയയ്ക്കുകയും ചെയ്തുവരുന്നു. എന്നാൽ ഈ വിധത്തിൽ വിദേശത്ത് വളരെ കുറച്ച് പത്രം മാത്രമേ എത്തുന്നുള്ളൂ. ജനം സത്യം അറിയുന്നതിന് ഇത് തടസ്സമാകുന്നു.

ഡിഫെൻഡർ നിന്നുപോയി എന്ന് ധരിച്ചുവെച്ചിരിക്കുന്നവർ ഏറെയുണ്ട്. ടി.എസ്.ബാലൻ ജയിലിലാണ് എന്നത്രേ മറ്റു ചിലരുടെ ധാരണ. കോടതി ഡിഫെൻഡർ നിരോധിച്ചു എന്ന് പ്രചരിപ്പിക്കുന്നവരും ഏറെയുണ്ട്. ഡിഫെൻഡർ ഇന്റർനെറ്റിൽ ഉണ്ടായിരുന്നെങ്കിൽ വിദേശത്തുള്ളവർക്ക് ഇത്തരം തെറ്റിദ്ധാരണകൾ ഉണ്ടാകുമായിരുന്നില്ല.

സുരേഷ് ബാബു, സാമച്ചൻ, എം.എ.വർഗീസ് തുടങ്ങിയ കള്ളൻമാർക്ക് വിദേശ മലയാളികളെ കബളിപ്പിക്കാൻ ഡിഫെൻഡറിന്റെ അസാന്നിദ്ധ്യം സഹായകമായി. ഇവരേക്കുറിച്ച് ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ വിദേശ മലയാളികൾ വായിച്ചിരുന്നെങ്കിൽ ഈ കള്ളൻമാക്ക് ഇത്ര എളുപ്പം തട്ടിപ്പ് നടത്താൻ കഴിയുമായിരുന്നില്ല.

ഇന്റർനെറ്റ് എഡിഷൻ പുനരാരംഭിക്കുന്നതുമൂലം ഡിഫെൻഡറിന് സാമ്പത്തിക നഷ്ടം ഉണ്ടാകും. പത്രം പൂർണ്ണമായി ഇന്റർനെറ്റിൽ ഇനി ലഭിക്കുമെന്നതിനാൽ ഈമെയിലിലൂടെ ഡിഫെൻഡർ അയയ്ക്കേണ്ട ആവശ്യമില്ല. ഈ കാരണത്താൽ ഇനി ഈമെയിൽ വരിക്കാരോട് വരിസംഖ്യ പിരിക്കുന്നതല്ല. എന്നാൽ പത്രം പോസ്റ്റിൽ ലഭിക്കാൻ ആഗ്രഹിക്കുന്ന വിദേശ മലയാളികൾക്ക് തുടർന്നും ഡിഫെൻഡർ പോസ്റ്റിൽ ലഭിക്കുന്നതാണ്. ഇന്ത്യയിലെ വരിക്കാർക്ക് പതിവുപോലെ പത്രം പോസ്റ്റിൽ ലഭിക്കും.

ഡിഫെൻഡർ ഇന്റർനെറ്റിൽ ലഭിക്കുന്ന വിലാസം:

**www.tsbalan.com**

# കെ. ഒ. തോമസ് എങ്ങനെ പി. എച്ച്. ഡിക്കാരനായി?

പാസ്റ്റർ കെ.ഒ. തോമസിന് പി.എച്ച്.ഡി കിട്ടിയത്രേ. എന്താ, കെ.ഒ. തോമസിന് പി.എച്ച്.ഡി എടുത്തുകൂടെ എന്നാണ് ചോദ്യമെങ്കിൽ ''തീർച്ചയായും എടുക്കാം'' എന്ന് സമ്മതിക്കുന്നു. കെ.ഒ. തോമസ് അടുത്ത കാലത്ത് ഒരു ഗൾഫ് പര്യടനം നടത്തുകയുണ്ടായി. പര്യടന കാലത്ത് ഗൾഫിൽ വിതരണം ചെയ്ത വിസിറ്റിംഗ് കാർഡിൽ ''പാസ്റ്റർ കെ.ഒ.തോമസ് പി.എച്.ഡി'' എന്ന് എഴുതിയിരിക്കുന്നു. ''ഫൂളിംഗ് ഗ്ലാസ്'' വച്ച്, ചെത്ത് സ്റ്റൈലിൽ ഒരു ഫോട്ടോയും ഉണ്ട്.




ഏതെങ്കിലും വിഷയത്തിൽ ബാച്ചിൽ ഡിഗ്രിയും മാസ്റ്റർ ഡിഗ്രിയും എടുത്തശേഷമാണ് പി.എച്ച്.ഡിക്ക് രജിസ്റ്റർ ചെയ്യേണ്ടത്. സർവ്വകലാശാല അംഗീകരിക്കുന്ന വിഷയത്തേക്കുറിച്ച് അംഗീകൃത ഗൈഡിന്റെ കീഴിൽ മൂന്നു വർഷത്തിൽ കുറയാത്ത കാലം ഗവേഷണം നടത്തി പ്രബന്ധം സമർപ്പിക്കണം. സൂക്ഷ്മമായ പരിശോധനയ്ക്കു ശേഷം പ്രബന്ധം അംഗീകരിക്കപ്പെട്ടാൽ പി.എച്ച്.ഡി ലഭിക്കും. തനിക്ക് പി.എച്ച്.ഡി ഉണ്ട് എന്ന് പ്രഖ്യാപിച്ച് വിസിറ്റിംഗ് കാർഡ് അടിച്ച് വിതരണം ചെയ്തതുകൊണ്ട് കെ.ഒ.തോമസ് ചില ചോദ്യങ്ങൾക്ക് മറുപടി പറയണം:

1. ഏതു യൂണിവേഴ്സിറ്റിയിൽ നിന്നാണ് കെ.ഒ.തോമസ് ബാച്ചിൽ, മാസ്റ്റർ ഡിഗ്രികൾ എടുത്തത്? എന്തായിരുന്നു വിഷയം?
2. ഏതു യൂണിവേഴ്സ്റ്റിയാണ് പി.എച്ച്.ഡി നൽകിയത്? എന്തായിരുന്നു ഗവേഷണ വിഷയം? ആരായിരുന്നു ഗൈഡ്?

കെ.ഒ.തോമസ് ഗൾഫിൽ വിതരണം ചെയ്ത വിസിറ്റിംഗ് കാർഡ് ശ്രദ്ധയിൽ പെട്ട ഉടൻ തന്നെ പി.എച്ച്.ഡിയെ സംബന്ധിച്ച് വിശദീകരണം ചോദിച്ച് ഡിഫെൻഡർ ഓഫീസിൽ നിന്നും കെ.ഒ.തോമസിന് ഈമെയിൽ അയച്ചെങ്കിലും ഈ ലക്കം പ്രസ്സിൽ കൊടുക്കുന്നതുവരെ മറുപടി കിട്ടിയിട്ടില്ല. അതുകൊണ്ടാണ് ഈ ചോദ്യം പരസ്യമായി ഉന്നയിക്കുന്നത്. എന്തെങ്കിലും മറുപടിയുണ്ടെങ്കിൽ ഏപ്രിൽ 12ന് അകമായി അറിയിക്കണം.

# ടി. എസ്. ബാലൻ പുതിയ സി. ഡികൾ പുറത്തിറക്കുന്നു

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ ടി.എസ്. ബാലൻ പുറത്തിറക്കിയ സി.ഡികൾക്ക് നല്ല സ്വീകാര്യത ലഭിച്ചു. നൂറുകണക്കിന് ശുശ്രൂഷകൻമാർക്കും സാധാരണക്കാരായ വിശ്വാസികൾക്കും ഈ സി.ഡികൾ ഏറെ പ്രയോജനം ചെയ്തു. അതുകൊണ്ട് ഈ വിധത്തിലുള്ള മറ്റു ചില സി.ഡികൾ കൂടി ഈ വർഷം പുറത്തിറക്കാൻ പദ്ധതി തയ്യാറാക്കിയിരിക്കയാണ്.

1. പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ തയ്യാറാക്കി ജൂലൈ 31ന് അകമായി പുറത്തിറക്കാനാണ് ആദ്യ പദ്ധതി. ഏകദേശം ഒരു മണിക്കൂർ വീതം ദൈർഘ്യമുള്ള 10 പ്രസംഗങ്ങൾ ഒരു സി.ഡിയിൽ ഉൾക്കൊള്ളിക്കാൻ കഴിയും. അങ്ങനെയുള്ള 10 എം.പി.3 സി.ഡികൾ ഈ പദ്ധതിയിൽ ഉണ്ടാകും.

2. എല്ലാ ദിവസവും പ്രഭാതത്തിൽ കേൾക്കുവാനായി ഏകദേശം 20 മിനിട്ട് ദൈർഘ്യമുള്ള പ്രബോധനങ്ങൾ (ധ്യാനം) ആണ് രണ്ടാമത്തെ പദ്ധതിയിൽ ഉള്ളത്. മാസത്തിലെ തീയതികളുടെ എണ്ണത്തിനനുസരിച്ച് 30–31 പ്രബോധനങ്ങൾ ഒരു സിഡിയിൽ ഉണ്ടാകും. ആകെ 12 സി.ഡികൾ. ജനുവരി ഒന്ന് മുതൽ ഉപയോഗിക്കേണ്ടതിനാൽ ഈ സി.ഡികൾ ഡിസംബർ 15ന് പ്രസിദ്ധീകരിക്കും. ഓരോ വർഷവും പുതിയ സി.ഡികൾ തയ്യാറാക്കുന്നതാണ്. (ഈ സി.ഡികളേക്കുറിച്ചുള്ള വിശദ വിവരങ്ങൾ അടുത്ത ലക്കത്തിൽ വായിക്കാം.)

## വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ ഇപ്പോൾ ഡി. വി. ഡി ഫോർമാറ്റിലും ലഭിക്കുന്നു

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിയിരിക്കുന്ന എം.പി.3 സി.ഡികൾ ഇപ്പോൾ ഡി.വി.ഡി ഫോർമാറ്റിലും ലഭിക്കുന്നതാണ്. ഡി.വി.ഡി പ്ലെയർ ഉള്ളവർക്ക് ഈ സി.ഡികൾ ഉപയോഗിക്കാൻ കഴിയും. വിലയിൽ മാറ്റമില്ല. ഡി.വി.ഡി ആവശ്യമുള്ളവർ ആ വിവരം പ്രത്യേകം അറിയിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ എട്ടാം പേജിൽ.

ദി ഡിഫെൻഡർ

Vol. No.10 Issue No. 7 2007 April 1

# ഭോഷ്ക്കു പറയുന്നവർ പിശാചിന്റെ മക്കൾ

കർത്താവായ യേശുക്രിസ്തു വഴിയും സത്യവും ജീവനും ആണ്. സത്യനാഥന്റെ മക്കൾ ഭോഷ്ക്കു പറയുകയില്ല. പിശാച് ഭോഷ്ക്കു പറയുന്നവനും ഭോഷ്ക്കിന്റെ അപ്പനും ആകുന്നു എന്ന് ദൈവവചനം പറയുന്നു (യോഹ.8:44). അങ്ങനെയെങ്കിൽ ഭോഷ്ക്കു പറയുന്നവർ പിശാചിന്റെ മക്കളാണ് എന്നതിന് സംശയമില്ല.

ഏതെങ്കിലും ആപത്തിൽ നിന്നോ വിഷമസന്ധിയിൽ നിന്നോ രക്ഷപ്പെടാനായി ഭോഷ്ക്കു പറയുന്നവരുണ്ട്. ഏതു സാഹചര്യത്തിൽ പറഞ്ഞതായാലും ഭോഷ്ക്ക് ഭോഷ്ക്കു തന്നെ. പക്ഷേ ഈ വിധത്തിൽ ഭോഷ്ക്കു പറയുന്നവർക്ക് ചില ന്യായങ്ങളെങ്കിലും പറയാൻ കാണും. എന്നാൽ ഭോഷ്ക്കു പറയുന്നത് തൊഴിലായി സ്വീകരിച്ചിരിക്കുന്നവർക്ക് എന്തു ന്യായമാണ് പറയാൻ കഴിയുക.

സുരേഷ് ബാബു എന്ന ഭോഷ്ക്കിന്റെ പുത്രൻ പറഞ്ഞിട്ടുള്ള കള്ളങ്ങൾ എത്രയെന്ന് കൃത്യമായി പറയുക എളുപ്പമല്ല. മരിച്ചു കിടന്ന അനുജനെ ഉയിർപ്പിച്ചു എന്നുവരെ ഈ കള്ളൻ പറഞ്ഞുകളഞ്ഞു. പെന്തക്കോസ്തിലെ പ്രധാന കള്ളൻമാരിൽ ഒരാളായ സാമച്ചനും കള്ളം പറയുവാൻ ശങ്കിക്കുന്നില്ല. എം.എ. വർഗീസ് ശാസ്ത്രജ്ഞനും ഡോക്ടറുമാണത്രേ. ഇങ്ങനെ ഭോഷ്ക്കിന്റെ പുത്രൻമാർ പറഞ്ഞുപിടിപ്പിക്കുന്ന കള്ളങ്ങൾ വളരെയുണ്ട്.

ഈ കള്ളൻമാർക്ക് എന്തുകൊണ്ട് ദൈവമക്കളെ കബളിപ്പിക്കാൻ കഴിയുന്നു? ഇവർ തട്ടിപ്പുകാരാണ് എന്ന് പെന്തക്കോസ്തുകാർക്ക് എന്തുകൊണ്ട് മനസ്സിലാക്കാൻ കഴിയുന്നില്ല? അല്പം ഗവേഷണം ചെയ്യേണ്ട വിഷയമാണിത്.

ഡോ.കെ.സി.ജോൺ, ഡോ.എം.എ.വർഗീസ് എന്നൊക്കെ കേൾക്കുമ്പോൾ നാം അന്ധാളിച്ചുപോകുന്നു. ഇവരൊക്കെ വലിയ വിദ്യാഭ്യാസമുള്ളവരാണെന്നും അത്യുഗ്രൻ ദൈവദാസൻമാരാണെന്നും മറ്റും നാം കരുതുന്നു. ഇവരെ സംശയിച്ചാൽ ദൈവം കോപിക്കുമെന്നാണ് പലരും ധരിച്ചുവെച്ചിരിക്കുന്നത്. നടക്കാത്ത അത്ഭുതം നടന്നു എന്ന് പ്രചരിപ്പിച്ച് ഷൈൻ ചെയ്യുന്നവരും ദൈവദാസൻമാരാണത്രേ. ഇല്ലാത്ത അനാഥശാലയുടെ പേരു പറഞ്ഞ് തട്ടിപ്പ് നടത്തുന്നവർ എങ്ങനെ ദൈവദാസൻമാരാകും എന്ന് മനസ്സിലാകുന്നില്ല.

കള്ളം പറയുന്നവർ, അവർ എത്ര ഉന്നതരായാലും, പിശാചിന്റെ മക്കളാണ്. കള്ളപ്രവചനം നടത്തുന്നത് ദുരാത്മാവിലാണ് എന്നതിന് സംശയമില്ല. ചുമ്മാഡോയുമായി നടക്കുന്ന എം.എ. വർഗീസ്, കെ.സി.ജോൺ, ബാബു ജോർജ് തുടങ്ങിയവരിലുള്ളത് ഭോഷ്ക്കിന്റെ ആത്മാവാണ്. ഇവരോട് ദൈവം ചോദിക്കട്ടെ എന്നു പറയുന്നത് പാപത്തിന് കൂട്ടു നിൽക്കുന്നതിന് തുല്യമാണ്.

മനുഷ്യന് ചെയ്യാൻ കഴിയുന്ന ഒന്നും ദൈവം ചെയ്യുകയില്ല. കൊരിന്തിലെ ദുഷ്ടനെ സഭയിൽ നിന്ന് പുറത്താക്കാൻ ദൈവത്തോട് പ്രാർത്ഥിക്കുകയല്ല, വിശ്വാസികൾ അവനെ പുറത്താക്കുകയാണ് വേണ്ടത്. ദേമാസിനോട് ദൈവം ചോദിക്കട്ടെ എന്നു പറഞ്ഞ് മിണ്ടാതിരിക്കുകയല്ല പൗലോസ് ചെയ്തത്, അവനെതിരെ ദൈവജനത്തിന് മുന്നറിയിപ്പ് കൊടുക്കുകയായിരുന്നു. കള്ളൻമാരോടും ആകാത്ത വേലക്കാരോടും ഭോഷ്ക്കിന്റെ പുത്രൻമാരോടും ആദിമസഭ എങ്ങനെയാണ് പ്രതികരിച്ചത് എന്ന് നാം പരിശോധിക്കണം.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ജില്ല തിരിച്ച് കെട്ടുകളാക്കി പെരുമ്പാവൂർ പോസ്റ്റ് ഓഫീസിൽ കൊടുക്കയാണ് ചെയ്യുന്നത്. സീലടിച്ച് അവർ അത് അയക്കയും ചെയ്യുന്നു. ഇവിടെ പത്രം നഷ്ടപ്പെടുന്നില്ല. അതുകൊണ്ട് പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ

ആയുഷ്ക്കാല വരിസംഖ്യ - 1000 രൂപ

ഗൾഫ് രാജ്യങ്ങൾ: 800 രൂപ

അമേരിക്ക: 30 ഡോളർ

വിലാസം:

റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

വാവലിന്റെ വീട്ടിൽ മറ്റൊരു വാവൽ വിരുന്നുവന്നാൽ എന്തായിരിക്കും ചെയ്യുക? അടുത്ത മരക്കൊമ്പിൽ തൂങ്ങിക്കൊള്ളാൻ പറയും. കരുണാകരൻജി ഈയിടെ നടത്തിയ ഡൽഹി യാത്രയിൽ സംഭവിച്ചതും ഇതുതന്നെ. തുല്യ ദു:ഖിതരായ കുറെ നേതാക്കൻമാരെ കണ്ട് ലീഡർജി സംസാരിച്ചു. ദു:ഖങ്ങൽ പങ്കുവെച്ചു. സംഘടിതമായി നെടുവീർപ്പിട്ടു. കരുണാകരൻ ഡൽഹിയിൽ പോകുന്നതോടെ ആകാശം ഇടിഞ്ഞുവീഴും എന്ന ധാരണയാണ് മാദ്ധ്യമങ്ങൾ പരത്തിയത്. പക്ഷേ ഒരു ചുക്കും സംഭവിച്ചില്ല. പോന മച്ചാൻ തിരുമ്പി വന്താച്ച് എന്നു പറഞ്ഞതുപോലെ ലീഡർജി തിരുമ്പി വന്നു. വിശേഷിച്ച് ഒന്നും സംഭവിച്ചതുമില്ല.

താൻ കോൺഗ്രസ്സ് വിട്ടുപോയിട്ട് ഇത്രക്കാലമായിട്ടും തിരിച്ചു വിളിക്കാൻ വേണ്ടപ്പെട്ടവർ തയ്യാറാകാതിരുന്നതിനെ ലീഡർജി വിമർശിക്കുന്നു. ലീഡർ പുറത്തു പോകുന്നതോടെ കേരളത്തിലെ കോൺഗ്രസ്സ് തകരുമെന്നും സോണിയാഗാന്ധി ലീഡറെ വിളിച്ച് കോൺഗ്രസ്സിനെ രക്ഷിക്കാൻ അപേക്ഷിക്കുമെന്നും മറ്റും ആയിരുന്നു പ്രതീക്ഷിച്ചിരുന്നത്. പക്ഷേ ലീഡർ പുറത്തു പോയിട്ടും കോൺഗ്രസ്സിന് വിശേഷിച്ച് കുഴപ്പമൊന്നും ഉണ്ടായില്ല. ഇപ്പോൾ ലീഡറുടേയും പുത്രന്റേയും കാര്യം ആരും പറയുന്നുപോലുമില്ല. ഇനി എന്തു ചെയ്യണമെന്ന് അറിയാതെ കുഴയുകയാണ് ലീഡർ.

ഇടതുപക്ഷ മുന്നണിയിൽ കയറിപ്പറ്റാമെന്ന ആശ പാളിയതോടെ യു.ഡി.എഫിൽ തൽക്കാലത്തേക്ക് ചേക്കേറി. പക്ഷേ ആ ചുവടും പിഴച്ചു. എൻ.സി.പി വഴി ഇടതുമുന്നണിയിൽ കയറാൻ വീണ്ടും ശ്രമിച്ചു. അതും നടന്നില്ല. ഇടതുമുന്നണിയിൽ നിന്ന് എൻ.സി.പി പുറത്തായതു മാത്രം മിച്ചം. വീണ്ടും കോൺഗ്രസ്സിൽ കയറിപ്പറ്റുകയല്ലാതെ നിവൃത്തിയില്ല എന്ന് ലീഡർക്കറിയാം. അതിനുള്ള ശ്രമത്തിന്റെ ആദ്യ പടിയാണ് ഡൽഹിയാത്ര.

ഡൽഹി യാത്ര മൂന്നാം മുന്നണി ഉണ്ടാക്കാനാണെന്നല്ലേ ലീഡർ പറയുന്നത്? പിന്നെങ്ങനെ കോൺഗ്രസ്സിൽ കയറിപ്പറ്റാൻ കഴിയും? അതല്ലേ ലീഡറുടെ തന്ത്രം. മൂന്നാം മുന്നണി ഉണ്ടാക്കാൻപോകുന്നു എന്ന് കേൾക്കുന്നതോടെ സോണിയാജി വിരളുമെന്നും ലീഡറെ കോൺഗ്രസ്സിലേക്ക് തിരിച്ചു വിളിക്കുമെന്നും ഒക്കെയാണ് കണക്കുകൂട്ടൽ. പക്ഷേ പാർലമെന്റ് തെരഞ്ഞെടുപ്പ് അല്പം ദൂരെയായതിനാൽ കോൺഗ്രസ്സ് നേതൃത്വം ഉടനെയൊന്നും പ്രതികരിക്കുന്ന മട്ടില്ല.

എസ്.എസ്.എൽ.സി പരീക്ഷ നന്നായി നടത്തുന്നത് എങ്ങനെയാണെന്ന് കാണിച്ചുതരാം എന്ന് പരീക്ഷ തുടങ്ങുന്നതിനു മുൻപ് മന്ത്രി എം.എ.ബേബി പറഞ്ഞിരുന്നു. നന്നായി നടത്തുന്നത് എങ്ങനെയാണെന്ന് മാലോകരെല്ലാം കാണുകയും ചെയ്തു. ബലേ ഭേഷ് എന്ന് ഏവരും ഏകസ്വരത്തിൽ പറഞ്ഞുപോകും.

മന്ത്രി എ.കെ.ബാലന് രണ്ടുവർഷം തടവ്. ട്രെയിൻ തടഞ്ഞ് യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നവർക്കെല്ലാം ഇതൊരു പാഠമാകട്ടെ. ബാലനെ ശിക്ഷിച്ചു എന്നു കേട്ടപ്പോൾ ചില പെന്തക്കോസ്തുകാരെങ്കിലും സന്തോഷിച്ചു കാണും. അങ്ങനെയുള്ളവരുടെ അറിവിലേക്കായി പറയട്ടെ: മേല്പടി ബാലൻ മന്ത്രിയാണ്, ടി.എസ്.ബാലനല്ല. വെറുതെ സന്തോഷിക്കേണ്ട.

ഇന്ത്യയുടെ ക്രിക്കറ്റ് കളി അസ്സലായി. കളിക്കുന്നെങ്കിൽ ഇങ്ങനെ വേണം. ഏതായാലും ഈ കൂട്ടരോടൊപ്പം കളിച്ച് നാണം കെടാൻ ശ്രീശാന്തിന് ഇടയായില്ലല്ലോ. എന്നാൽ ശ്രീശാന്ത് കളിക്കാത്തതുകൊണ്ട് ഗൽഫിലുള്ള ചില പാവപ്പെട്ടവർക്ക് നഷ്ടമുണ്ടായി. ശ്രീശാന്ത് എടുക്കുന്ന ഓരോ വിക്കറ്റിനും ഗൾഫിൽ നിന്നും നാട്ടിലേക്കുള്ള 11 സൗജന്യ എയർ ടിക്കറ്റ് ഒരു കമ്പനി വാഗ്ദാനം ചെയ്തിരുന്നു. അത് ആ പാവങ്ങൾക്ക് കിട്ടാതെ പോയി.

ഇന്ത്യൻ ക്രിക്കറ്റ് ടീം തോറ്റ് തൊപ്പിയിട്ടു എന്ന് അറിഞ്ഞതോടെ ഇന്ത്യയിലെങ്ങും ഒരു എസ്.എം.എസ് പ്രചരിച്ചു. ഇന്ത്യൻ ക്രിക്കറ്റ് ടീമിനെ എതിരേൽക്കാൻ എയർപോർട്ടിൽ എത്തണം എന്നായിരുന്നു മെസേജ്. ഉപയോഗശൂന്യമായ ചെരുമ്പുകൾ, അളിഞ്ഞ തക്കാളി, ചീഞ്ഞ മുട്ട തുടങ്ങിയവയും കൈയ്യിൽ കരുതണം എന്ന് പ്രത്യേകം പറയുകയും ചെയ്തിരുന്നു.

കേരളത്തിലെ കൺവൻഷൻ സീസൺ ഏതാണ്ട് അവസാനിച്ചിരിക്കയാണ്. കേരളത്തിലെമ്പാടും അത്ഭുതങ്ങളുടെ പൂരമായിരുന്നു. കുരുടർ കേട്ടു, മുടന്തർ കണ്ടു, അന്ധർ തുള്ളിച്ചാടി, അത്ഭുതവീരൻമാരുടെ കീശ നിറഞ്ഞു. എല്ലാം കണ്ട് ജനം വണ്ടറടിച്ചു. കൺവൻഷൻ പ്രസംഗം തൊഴിലാക്കിയ റവകൾക്ക് ഇനി വിദേശത്തേക്ക് പറക്കാം. നവംബറിൽ കൺവൻഷൻ സീസൺ ആരംഭിക്കുമ്പോൾ തിരിച്ചു വന്നാൽ മതിയാകും. അമേരിക്കയാണ് ഫസ്റ്റ് ചോയ്സ്. അമേരിക്കൻ പര്യടനം തരപ്പെടാത്തവർക്ക് ഗൾഫിൽ ചുറ്റിയടിച്ച് കൊയ്യാം. പ്രവചനം, അത്ഭുതം, തൊലിക്കട്ടി തുടങ്ങിയവ കൈമുതലായുണ്ടെങ്കിൽ കുശാലാകും. സുവിശേഷവേല എന്നു പറയുന്നത് ഇതൊക്കെയാണല്ലോ.

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3232356, 9447414608

# ഇത് ആത്മീയ സംഗീതമാണെന്നോ?









റെഡ് റെയ്ൻ എന്ന പേരിൽ അറിയപ്പെടുന്ന സംഗീത ഗ്രൂപ്പ് ഏപ്രിൽ ഏഴിന് കൊച്ചിയിൽ സംഗീതം ആലപിക്കുമത്രേ. സുവിശേഷീകരണത്തിന്റെ ഭാഗമായി സംഗീതം ആലപിക്കുന്നത് അത്ര മോശം കാര്യമാണെന്ന് പറയാനാവില്ല. പക്ഷേ ഈ സംഗീത ഗ്രൂപ്പിന്റെ കെട്ടും മട്ടും കണ്ടിട്ട് എന്തൊക്കെയോ ഒരു പന്തികേട്.

വേഷവും സംസ്ക്കാരവും ഒക്കെ ഓരോ രാജ്യത്തും വ്യത്യസ്തമായിരിക്കും. ലോകം എമ്പാടുമുള്ളവർ മുണ്ടും ജൂബ്ബയും ധരിക്കണം എന്നൊക്കെ പറയുന്നതിൽ അർത്ഥമില്ല. പക്ഷേ ഏതു രാജ്യത്തായാലും ദൈവമക്കൾ ചില പൊതു മര്യാദകളൊക്കെ പാലിക്കും. സുവിശേഷപ്രവർത്തകർ തീർച്ചയായും മാന്യമായ വേഷം ധരിക്കണം. പാട്ടു പാടുന്നവർക്കു മാത്രം എന്തും ആകാം എന്നു പറയുന്നത് ശരിയായ നിലപാടല്ല.

റെഡ് റെയ്ൻ എന്ന പേരുപോലും ഒരു ആത്മീയ ഗായകസംഘത്തിന് യോജിച്ചതല്ല. ഈ സംഘത്തിലെ നാല് പ്രധാന ഗായകരുടെ ചിത്രമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഉണ്ണിയെ കണ്ടാൽ ഊരിലെ പഞ്ഞം അറിയാം എന്ന ന്യായം ഉപയോഗിച്ച് വിശകലനം ചെയ്താൽ ഇവർക്ക് ദൈവവുമായുള്ള ബന്ധം ഊഹിക്കാം. ഇത്തരക്കാരുടെ സംഗീതത്തിൽ എത്രത്തോളം ആത്മീയത ഉണ്ടായിരിക്കുമെന്നു വിശേഷിച്ച് പറയേണ്ടതുമില്ല.

പിച്ചും പേയും പറയുന്ന ഒരു സംഗീത സംഘം അടുത്ത കാലത്ത് എറണാകുളത്ത് എത്തുമെന്ന് പ്രചരിപ്പിച്ച് വലിയ കോലാഹലമൊക്കെ ഉണ്ടാക്കിയെങ്കിലും അവസാന നിമിഷം ആ പ്രോഗ്രാം ക്യാൻസലായി. പെന്തക്കോസ്ത് പത്രക്കാർക്ക് പരസ്യം വകയിൽ കുറെ പണം കിട്ടിയതുമാത്രം മിച്ചം. അതുപോലെ ഈ പ്രോഗ്രാമും അവസാന നിമിഷം ക്യാൻസലാകുമോ എന്ന് അറിഞ്ഞുകൂടാ. ഏതായാലും ദൈവമക്കൾ സൂക്ഷിക്കുക: ഇത്തരം സംഗീത ഗ്രൂപ്പുകൾക്ക് ദൈവത്തേക്കാൾ സാത്താനോടാണ് ബന്ധം. ഇവർ പ്രചരിപ്പിക്കുന്നത് മറ്റൊരു സുവിശേഷമാണ്.

## വി.എം. മാത്യൂസാർ പറഞ്ഞത് ശരി

സങ്കീർത്തനം ദൈവാരികയിൽ ഗുഡ്ന്യൂസ് ചെയർമാൻ ബ്രദർ വി.എം.മാത്യുവുവിന്റെ അഭിമുഖം പ്രസിദ്ധീകരിച്ചത് ശ്രദ്ധേയമായി. പല വിവാദ വിഷയങ്ങളേക്കുറിച്ചും വി.എം.മാത്യൂസ് സാർ തന്റെ അഭിപ്രായം തുറന്നു പറഞ്ഞു.

ചുമ്മാഡോകളേക്കുറിച്ച് മാത്യുസാർ പറഞ്ഞതിനോട് ഡിഫെൻഡർ പൂർണ്ണമായി യോജിക്കുന്നു. നിയമാനുസൃതം പഠിച്ച് ഡോക്ട്രേറ്റ് എടുത്തവർ അഭിനന്ദനം അർഹിക്കുന്നു. അവർ പേരിനോടൊപ്പം 'ഡോ.' എന്ന് ചേർക്കുന്നത് തെറ്റല്ല. എന്നാൽ ബി.റ്റി.എച്ചോ എം.ഡിവോ വരെ മാത്രം ക്ലാസ്സുകൾ നടത്തുന്ന ബൈബിൾ കോളേജുകൾ വെറുതെ കൊടുക്കുന്ന ഡോകളും പണം കൊടുക്കുന്നവർക്കെല്ലാം ഡോക്ട്രേറ്റ് കൊടുക്കുന്ന സ്ഥാപനങ്ങളും നൽകുന്ന ചുമ്മാഡോകൾ വാങ്ങി ''റവ.ഡോ.ഇത്തിക്കരപക്കി'' എന്ന് ലെറ്റർപാഡിലും വിസിറ്റിംഗ് കാർഡിലും വെച്ച് നടക്കുന്നവൻമാരെ കണ്ടാൽ കാറി തുപ്പണം.

## മോനച്ചൻ പ്രശ്നം

പാസ്റ്റർ ബി.മോനച്ചനെ ഐ.പി.സി കേരള സ്റ്റേറ്റ് കൗൺസിൽ പീഡിപ്പിക്കുന്നതായി ഒരു വാർത്ത ഹാലേലൂയ്യായിൽ കണ്ടു. ഈ വിഷയത്തേക്കുറിച്ച് ഡിഫെൻഡറിന് പറയാനുള്ളത് ഇതൊക്കെയാണ്:

1. ബി.മോനച്ചൻ, കെ.ജോയി, ഇടിച്ചെറിയ നൈനാൻ, കെ.എ. ഏബ്രഹാം എന്നീ പെന്തക്കോസ്തുകാരുടെ പേരുകളാണ് കെ.പിയോഹന്നാന്റെ നോട്ടീസിൽ ഉണ്ടായിരുന്നത്. ഇവരിൽ കെ.എ. ഏബ്രഹാം ഒഴികെയുള്ളവർ ഐ.പി.സിക്കാരാണ്.
2. ഇടിച്ചെറിയ മാത്രമാണ് പ്രസംഗിച്ചത്. അതിനെതിരെ ഐ.പി.സി എന്തു നടപടി എടുക്കുമെന്ന് അറിവായിട്ടില്ല.
3. പ്രസംഗിക്കാൻ പോയില്ലെങ്കിലും ക്ഷണം സ്വീകരിച്ചതും നോട്ടീസിൽ പേര് വന്നതും തെറ്റായ നടപടി ആയിരുന്നു.
3. പിൻമാറ്റക്കാരനായ കെ.പി. യോഹന്നാന്റെ കൺവെൻഷനിൽ പെന്തക്കോസ്തുകാർ പ്രസംഗിക്കുന്നത് തെറ്റിദ്ധാരണകൾക്ക് കാരണമാകും.

## ഫോറപ്പശു പുല്ല് തിന്നാൽ നന്ന്

ഐ.പി.സി ബിലീവേഴ്സ് ഫോറം പുനരുജ്ജീവിപ്പിക്കാൻ തീരുമാനിച്ചതായി കേട്ടു. നല്ലത്. ഉജ്ജീവിപ്പിക്കട്ടെ. പക്ഷേ ഒരു സംശയം: ഈ ഫോറപ്പശു പുല്ല് തിന്നുമോ?

എന്തിനാണ് ഫോറം പുനരുജ്ജീവിപ്പിക്കുന്നതെന്ന് നേതാക്കൻമാർ തന്നെ പറയുന്നുണ്ട്. സഭയുടെ ആരംഭത്തേക്കുറിച്ചും ചരിത്രത്തേക്കുറിച്ചും തെറ്റായ പ്രചരണങ്ങൾ പല ഭാഗത്തുനിന്നും ഉണ്ടാകുന്നു. അതുകൊണ്ട് ഐ.പി.സിയുടെ ചരിത്രം എഴുതി അച്ചടിച്ച് പ്രസിദ്ധീകരിക്കാൻ ഫോറം തീരുമാനിച്ചിരിക്കുന്നു. ഇത് വളരെ നല്ല തീരുമാനമാണെന്ന് പറയാതെ വയ്യ.

1935ൽ രജിസ്റ്റർ ചെയ്ത ഐ.പി.സിക്ക് ഇപ്പോൾ എത്ര വയസ്സുണ്ടെന്ന് പ്രൈമറി ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കു പോലും കണക്കു കൂട്ടാൻ കഴിയും. ആ കണക്കുവെച്ച് കൂട്ടിയാൽ ഈ വർഷം നടന്നത് ഐ.പി.സിയുടെ എത്രാമത്തെ കൺവെൻഷനാണെന്നും മനസ്സിലാക്കാം. പക്ഷേ ഇതൊന്നും ഭൂരിപക്ഷം ഐ.പി.സിക്കാരും അംഗീകരിക്കുകയില്ല.

ഐ.പി.സി സ്ഥാപിച്ചത് കെ.ഇ.ഏബ്രഹാമാണ് എന്ന് ഭോഷ്ക്ക് അംഗീകരിക്കപ്പെട്ട മട്ടാണ്. ജയിക്കുന്നവർ ചരിത്രം എഴുതുന്നു എന്ന ചൊല്ല് ഇവിടെയും അന്വർത്ഥമാകുന്നു.

ആരൊക്കെയാണ് ഫോറത്തിന്റെ നേതാക്കൻമാർ എന്ന് അറിഞ്ഞുകൂടാ. വെണ്ണിക്കുളം ബഥനി അക്കാഡമിയിൽ യോഗം ചേർന്നതുകൊണ്ട് മാത്യൂസ് ചാക്കോ ഉണ്ടാകുമെന്ന് തീർച്ച. നേതാക്കൾ ആരായാലും ഫോറം പ്രവർത്തിച്ചാൽ നന്ന്.

## പ്രാർത്ഥന ഫലിച്ചില്ല




റോബിൻ ഉത്തപ്പയെ പാസ്റ്റർ ഏബ്രഹാം വർഗീസ് അനുഗ്രഹിച്ച് പ്രാർത്ഥിക്കുന്നു.

വേൾഡ് കപ്പിൽ കളിക്കാനായി പോയ റോബിൻ ഉത്തപ്പയെ എം.എ. വർഗീസിന്റെ മകൻ ഏബ്രഹാം വർഗീസ് പ്രാർത്ഥിച്ച്, അനുഗ്രഹിച്ച് യാത്രയയ്ക്കുന്ന ചിത്രം ചില പെന്തക്കോസ്ത് പത്രങ്ങളിൽ കണ്ടു. പ്രാർത്ഥിച്ചത് കുറഞ്ഞ ആളൊന്നുമല്ല. അതുകൊണ്ട് ഉത്തപ്പ തീർച്ചയായും ജയിക്കുമെന്ന് കരുതിയിരുന്നു. പക്ഷേ ക്രിക്കറ്റിൽ ജയിപ്പിക്കലല്ല ദൈവത്തിന്റെ പണിയെന്ന് ഏറെ താമസിയാതെ വ്യക്തമായി.






# ചവറിന് ഭാവിയുണ്ടോ?

ചവറിന് ഭാവിയുണ്ടോ? ഉണ്ട്. അഴുകി പുഴുത്ത് നാറും. വർത്തമാനമുണ്ടോ? ഉണ്ട്. വർത്തമാനമാണല്ലോ മുഖ്യ പരിപാടി. ഭൂതമുണ്ടോ? അതേയുള്ളൂ. നല്ല ഒന്നാന്തരം ഭൂതമാണ് ചവറിലുള്ളത്. ആ ഭൂതത്തിന്റെ പിടിയിലാണ് കെ.സി.ജോൺ.

ചവർ ചാനലിനെ ഡിഫെൻഡർ എന്തുകൊണ്ട് ഇത്ര കഠിനമായി എതിർക്കുന്നു എന്ന് പലരും ചോദിച്ചിട്ടുണ്ട്. കാരണം അക്കമിട്ട് നിരത്താം.

1. ഇത് തട്ടിപ്പാണ്.

ചവർ ചാനൽ ഒന്നാംതരം തട്ടിപ്പാണ് എന്നു പറഞ്ഞാൽ മിക്കവർക്കും വിശ്വാസം വരില്ലെങ്കിലും അതാണ് സത്യം. സുവിശേഷ സ്നേഹികളായ ദൈവമക്കളെ ചക്കരവാക്കുകൾ പറഞ്ഞ് മയക്കി തട്ടിപ്പ് നടത്തുകയാണ് കെ.സി.ജോൺ ചെയ്യുന്നത്. നാലു വർഷം മുൻപ് കെ.സി ജോൺ പവ്വർ വേഡ് മിനിസ്ട്രി എന്നൊരു പരിപാടി തുടങ്ങി. നാടുനീളം നടന്ന് പണം പിരിച്ചു. ഇന്ത്യ ഒട്ടാക്ക് സുവിഷം പ്രസംഗിക്കുകയാണ് പരിപാടി എന്നായിരുന്നു പ്രചരണം. പക്ഷേ ഈ പരിപാടി തട്ടിപ്പാണെന്നും ഇതിൽ പവ്വറുമില്ല, വേഡുമില്ല, മിനിസ്ടിയുമില്ല എന്നും ഡിഫെൻഡർ എഴുതി. എന്നാൽ വിശ്വസിക്കാൻ ഏറെപ്പേർ ഉണ്ടായിരുന്നില്ല. പക്ഷേ ഡിഫെൻഡർ പറഞ്ഞത് ശരിയാണെന്ന് കാലം തെളിയിച്ചു. രണ്ടോ മൂന്നോ യോഗം നടത്തിയിട്ട് മിനിസ്ട്രി പൂട്ടിക്കെട്ടി.

മിറക്കിൾ നെറ്റിൽ ആഴ്ചയിൽ ഒരിക്കൽ പരിപാടി അവതരിപ്പിക്കലായിരുന്നു അടുത്ത പദ്ധതി. അതും നടത്തിക്കൊണ്ടു പോകാൻ കെ.സി.ജോണിന് കഴിയുകയില്ല എന്ന് ഡിഫെൻഡർ പറഞ്ഞു. പക്ഷേ മിക്കവരും ഡിഫെൻഡറിന്റെ വാക്ക് വിശ്വസിച്ചില്ല. കെ.സി.ജോൺ അത്യുഗ്രൻ പ്രസംഗകനാണെന്നും ആ കാരണത്താൽ ആഴ്ചയിലൊരിക്കൽ അര മണിക്കൂർ പ്രസംഗം എന്നത് തീർച്ചയായും നടക്കും എന്നുമായിരുന്നു പ്രചരണം. എന്നാൽ ഏതാനും മാസം കഴിഞ്ഞപ്പോൾ ഡിഫെൻഡറിന്റെ പ്രവചനം നിറവേറി. മിറക്കിൽ നെറ്റിലെ പരിപാടി അത്ഭുതകരമായി അപ്രത്യക്ഷമായി.

മിറക്കിൽ നെറ്റിൽ ആഴ്ചയിൽ ഒരിക്കൽ അര മണിക്കൂർ പരിപാടി നടത്താൻ ഏകദേശം 5,000 രൂപയാണ് ഫീസ്. കെ.സി ജോൺ അല്പം കണക്കുകൂട്ടൽ നടത്തി. ഒരു ദിവസം 48 അര മണിക്കൂറുകൾ ഉണ്ട്. എട്ടെണ്ണം കളഞ്ഞാലും നാല്പത് റെഡി. അര മണിക്കൂറിന് 5,000 വച്ച് 40 മണിക്കൂറിന് രണ്ട് ലക്ഷം രൂപ. ഒരു മാസം ആകുമ്പോൾ അറുപത് ലക്ഷം രൂപ. പരസ്യങ്ങൾ, സംഭാവന തുടങ്ങിയവകൂടി ചേർത്താൽ ഒരു വർഷം 10 കോടി രൂപ വരുമാനം. ചെലവോ? സാറ്റ്ലൈറ്റിന് ഏകദേശം ഒരുകോടി. മറ്റു ചെലവുകളും ഒരു കോടി. ഒരു വർഷത്തെ ലാഭം എട്ടു കോടി. കൊള്ളാമല്ലോ.

അങ്ങനെ കെ.സി.ജോണിന്റെ തലയിൽ ചവർ ചാനൽ എന്ന ആശയമുദിച്ചു. രണ്ടു ചാനൽ നടത്താനായിരുന്നു ആദ്യത്തെ പദ്ധതി. അത് അത്ര എളുപ്പമല്ല എന്ന് ബോദ്ധ്യമായപ്പോൾ ഒരു ചാനൽ എന്നാക്കി. നാടുനീളെ നടന്ന് സംഭാവന പിരിച്ചു. അങ്ങനെ 2006 ഫെബ്രുവരി 2ന് ചാനൽ തിരുവല്ലയിൽ ഉദ്ഘാടനം ചെയ്തു. ഫെബ്രുവരി 6ന് ഡൽഹിയിൽ വീണ്ടും ഒരു ഉദ്ഘാടനം നടത്തി. പിന്നീട് വിവിധ ഗൾഫ് രാജ്യങ്ങളിൽ ഓടി നടന്ന് ഉദ്ഘാടനം നടത്തി. ചെറിയവരോടും വലിയവരോടും പണം പിരിച്ചു. എന്നിട്ടോ? ഏതു നിമിഷവും പൂട്ടാം എന്ന സ്ഥിതിയിലാണ് ചാനൽ ഇപ്പോൾ. ഇത് ശുദ്ധ തട്ടിപ്പാണ്. എതിർക്കാതെ വയ്യ.

2. മറ്റൊരു സുവിശേഷം

ചവർ ചാനൽ പ്രചരിപ്പിക്കുന്നത് മറ്റൊരു സുവിശേഷമാണ്. കത്തോലിക്കർ ഉൾപ്പെടെയുള്ളവരുടെ പ്രോഗ്രാമുകൾ ചവറിലുണ്ട്. ഒരു ദിവസം 24 മണിക്കൂർ ഉള്ളതിൽ 20 മണിക്കൂർ സമയവും ഇത്തരക്കാരുടെ പാട്ടോ പ്രസംഗമോ ഒക്കെയാണ് ചവറിൽ സംപ്രേക്ഷണം ചെയ്യുന്നത്. ദേവസ്യ മുല്ലക്കര, തങ്കു തുടങ്ങിയവർ സ്ഥിരം പ്രസംഗകരാണ്. ഇതൊക്കെ സുവിശേഷമാണെങ്കിൽ ഐ.പി.സി ഉൾപ്പെടെയുള്ള എല്ലാ പെന്തക്കോസ്ത് സംഘടനകളും ദുരുപദേശമാണ് പ്രചരിപ്പിക്കുന്നത്. കെ.സി.ജോൺ ദുരുപദേശക്കാരുടെ പ്രസിഡന്റും.

3. പണം പാഴാക്കി.

ദൈവമക്കൾ ചവർ അദ്ധ്വാനിച്ചുണ്ടാക്കിയ പണം കെ.സി.ജോൺ ചാനൽ ചാനലിലൂടെ പാഴാക്കി. എത്രകോടി രൂപ പിരിച്ചു എന്ന് വ്യക്തമല്ല. ആകെ 25 കോടി രൂപ വേണമെന്നും അതിന്റെ മൂന്നിൽ ഒരു ഭാഗം സൗദിയിൽ നിന്നും കിട്ടി എന്നും 2005ൽ തന്നെ കെ.സി.ജോൺ പറഞ്ഞിരുന്നു. ഇത് കള്ളമല്ലെങ്കിൽ ഏകദേശം എട്ടുകോടി രൂപ സൗദിയിൽ നിന്നും ലഭിച്ചു. മറ്റ് ഗൾഫ് രാജ്യങ്ങളിൽ നിന്ന് എത്ര കോടി കിട്ടി എന്ന് കെ.സി.ജോൺ തന്നെ പറയട്ടെ. 15 ലക്ഷം വീതം കൊടുത്ത് ദുബായിൽ കുറേപ്പേർ ഡയറക്ടർമാർ ആയ സംഭവം ചവറിൽ തന്നെ സംപ്രേക്ഷണം ചെയ്തിരുന്നല്ലോ. അമേരിക്കയിൽ നിന്നും ഏതാനും ലക്ഷങ്ങളെങ്കിലും കിട്ടിയിരിക്കും. ഇന്ത്യയിൽ നിന്നും മറ്റ് വിദേശ രാജ്യങ്ങളിൽ നിന്നും കിട്ടിയത് എക്സ്ട്രാ. ജീവിതത്തിൽ ഒരിക്കലും അധ്വാനിച്ച് പണം ഉണ്ടാക്കിയിട്ടില്ലാത്ത കെ.സി.ജോണിന് വിയർപ്പിന്റെ വില അറിഞ്ഞുകൂടാ. പക്ഷേ രക്തം വെള്ളമാക്കി അധ്വാനിച്ചുണ്ടാക്കിയ കോടികൾ സുവിശേഷപ്രചരണമെന്ന നല്ല ഉദ്ദേശ്യത്തിനായി ചെലവഴിച്ചവരുടെ വേദന ഡിഫെൻഡറിന് മനസ്സിലാകും.

4. ദൈവനാമം ദുഷിപ്പിച്ചു.

ചവർ ചാനലിന്റെ പേരിൽ കെ.സി.ജോൺ ദൈവനാമം ജാതികളുടെ ഇടയിൽ ദുഷിപ്പിച്ചു. മറ്റ് ചാനലുകളും ശാലോം ടി.വിയും വൈവിദ്ധ്യമുള്ള പ്രോഗ്രാമുകൾ അവതരിപ്പിക്കുമ്പോൾ ഒരേ പ്രോഗ്രാം നിരന്തരം കാണിച്ച് ജനത്തെ ബോറടിപ്പിച്ചു.

5. സുവിശേഷകരെ വഞ്ചിച്ചു.

സത്യസുവിശേഷം പ്രചരിപ്പിക്കാനുള്ള ആവലോടെ ചവറിൽ പ്രോഗ്രാം നടത്തിയ നിരവധി സത്യസുവിശേഷകരെ കെ.സി.ജോൺ വഞ്ചിച്ചു. അമിതമായ ഫീസ് ഈടാക്കിയും പ്രോഗ്രാമിന്റെ സമയം മുന്നറിയിപ്പില്ലാതെ മാറ്റിയും ബുദ്ധിമുട്ടിച്ചു.

ഇങ്ങനെ എതിർക്കപ്പെടേണ്ട ഒട്ടേറെ കാര്യങ്ങൾ ചവർ ചാനലുമായി ബന്ധപ്പെട്ട് കെ.സി ജോൺ ചെയ്തു. ഇപ്പോഴും ചെയ്യുന്നു. അതുകൊണ്ട് ചവറിനേയും കെ.സി.ജോണിനേയും ഡിഫെൻഡറിന് എതിർക്കാതെ വയ്യ.

ചവർ നടത്തിക്കൊണ്ടു പോകാൻ സാറ്റ്ലൈറ്റിന് ഒൻപത് ലക്ഷം, ഏഷ്യാനെറ്റിന് ഒന്നര ലക്ഷം എന്നിങ്ങനെയാണ് ഇപ്പോൾ മാസം തോറുമുള്ള ചെലവ്. മറ്റു ചെലവുകൾ കൂടി ആകുമ്പോൾ 15 ലക്ഷമെങ്കിലും വരും. ഒരു വർഷം രണ്ടുകോടിയോളം രൂപ വേണമെന്ന് ചുരുക്കം. ഇത് വലിയൊരു തുകയാണ് എന്ന് വ്യക്തം. കഴിഞ്ഞ ഒരു വർഷം എങ്ങനെയൊക്കെയോ ചാനൽ നടത്തി. ഇപ്പോൾ ചവറിന്റെ ഖനനാവ് കാലിയാണ്. പണം ഉണ്ടാകുന്ന ലക്ഷണവുമില്ല. ഈ സ്ഥിതിക്ക് ചാനൽ ഏറെക്കാലം നിലനിൽക്കുമെന്ന് തോന്നുന്നില്ല.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** വിഗ്രഹാർപ്പിതം തിന്നുന്നതുമായി ബന്ധപ്പെട്ട് പൗലോസ് പറയുന്ന കാര്യങ്ങൾ പലവട്ടം വായിച്ചിട്ടും ഉത്തരം വ്യക്തമായില്ല. വിഗ്രഹാർപ്പിതം തിന്നാമെന്നാണോ തിന്നാൻ പാടില്ല എന്നാണോ പൗലോസ് പറയുന്നത്?

■ കാര്യങ്ങൾ വളച്ചുകെട്ടി പറയുന്നത് പൗലോസിന്റെ രീതിയാണ്. പൗലോസിന്റെ ചില വാചകങ്ങൾ അതേപടി തർജ്ജമ ചെയ്യാനും ബുദ്ധിമുട്ടാണ്. വിഗ്രഹാർപ്പിതത്തേക്കുറിച്ച് പൗലോസ് പറയുന്നതും വളച്ചുകെട്ടിത്തന്നെ. ഈ പ്രശ്നത്തേക്കുറിച്ച് പൗലോസ് പറയുന്നത് എന്ത് എന്ന് മനസ്സിലാക്കണമെങ്കിൽ ഈ ഭാഗം എഴുതാൻ ഇടയായ സാഹചര്യം മനസ്സിലാക്കണം.

സാമ്പത്തികമായി വളരെ ഉയർന്ന നിലവാരത്തിലായിരുന്നു അക്കാലത്തെ കൊരിന്ത്. അതുകൊണ്ടുതന്നെ നഗരത്തിന്റെ എല്ലാ തിൻമകളും കൊരിന്തിൽ ഉണ്ടായിരുന്നു. സദാചാര വിഷയങ്ങളിൽ വളരെ അയഞ്ഞ സമീപനമായിരുന്നു ജനത്തിന് ഉണ്ടായിരുന്നത്. കൊരിന്തിലെ സഭയിൽ അപ്പന്റെ ഭാര്യയെ വച്ചുകൊണ്ടിരിക്കുന്നവൻ പോലും ഉണ്ടായിരുന്നു. എന്നാൽ അത് ജാതികളിൽപ്പോലും ഇല്ലാത്ത ദുർന്നടപ്പാണ് എന്ന് പൊലോസ് പറയുന്നു. ഇങ്ങനെ എല്ലാവിധ തിൻമകളും നിറഞ്ഞ ഒരു ചുറ്റുപാടിലാണ് കൊരിന്ത് സഭ നിലനിന്നിരുന്നത്. അതുകൊണ്ട് കൊരിന്തിലെ സഭ പലവിധത്തിലുള്ള പ്രായോഗിക പ്രശ്നങ്ങളും അഭിമുഖീകരിച്ചിരുന്നു. അവയിൽ ഒന്നായിരുന്നു വിഗ്രഹങ്ങളുമായി ബന്ധപ്പെട്ട പ്രശ്നം.

വിഗ്രഹാർപ്പിതവുമായി ബന്ധപ്പെട്ട് പ്രധാനമായി രണ്ടു പ്രശ്നങ്ങളാണ് ഉണ്ടായിരുന്നത്. അവയേക്കുറിച്ച് പഠിക്കാം.

1. വിഗ്രഹങ്ങൾക്ക് ബലി അർപ്പിച്ച മൃഗങ്ങളുടെ മാംസം ചന്തകളിൽ വിറ്റിരുന്നു. ഏതൊക്കെ മാംസമാണ് വിഗ്രഹാർപ്പിതം എന്ന് തിരിച്ചറിയാൻ മാർഗ്ഗവുമില്ലായിരുന്നു. വിഗ്രഹാർപ്പിതം തിന്നുന്നത് പാപമാണ് എന്നു കരുതിയിരുന്ന ദൈവമക്കൾക്ക് മാംസം വാങ്ങാൻ പോലും വയ്യാത്ത സ്ഥിതിയായി. ഈ പ്രശ്നം കൊരിന്തിലെ ദൈവമക്കൾ പൗലോസിന്റെ മുൻപിൽ അവതരിപ്പിച്ചു. പൗലോസ് ഈ പ്രശ്നത്തിന് വളരെ ലളിതമായ ഒരു മറുപടിയും കൊടുത്തു. ''അങ്ങാടിയിൽ വിൽക്കുന്നതെന്തും ഒരു അന്വേഷണവും കൂടാതെ വാങ്ങി ഭക്ഷിപ്പീൻ''. നാം വില കൊടുത്ത് വാങ്ങിയ ഭക്ഷ്യവസ്തു വിഗ്രഹത്തിന് അർപ്പിച്ചതാണോ എന്നൊന്നും അന്വേഷിക്കേണ്ടതില്ല. ഒരു ദൈവമേയുള്ളൂ എന്നും ദൈവങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നവ ദൈവങ്ങൾ അല്ല എന്നും വിഗ്രഹങ്ങളെ നാം പരിഗണിക്കേണ്ടതില്ല എന്നും പൗലോസ് വ്യക്തമാക്കുകയും ചെയ്യുന്നു. വിഗ്രഹാർപ്പിതം തിന്നാമോ എന്ന ചോദ്യത്തിനും ഈ വിധത്തിലുള്ള ഉത്തരമാണ് പൗലോസ് നൽകുന്നത്.

മനുഷ്യന്റെ വയറ്റിലേക്ക് പോകുന്ന ഒന്നും അവനെ അശുദ്ധമാക്കുകയില്ല എന്ന് കർത്താവായ യേശുക്രിസ്തു തന്നെ വ്യക്തമാക്കിയിട്ടുണ്ട്. തിന്നരുത്, കുടിക്കരുത് എന്നൊക്കെയുള്ള പ്രമാണങ്ങൾ ന്യായപ്രമാണത്തിന്റെ ഭാഗമായിരുന്നു. ന്യായപ്രമാണം ക്രിസ്തുവിൽ നിവൃത്തിയായി. ഇപ്പോൾ നാം ന്യായപ്രമാണത്തിന്റെ കീഴിലല്ല കൃപയുടെ കീഴിലാണ്. അതുകൊണ്ടുതന്നെ നാം സ്വതന്ത്രരുമാണ്. പക്ഷേ ഈ സ്വാതന്ത്ര്യം ദുഷ്ടതയ്ക്ക് മറയാക്കരുത്.

വിഗ്രഹങ്ങളെ ദൈവമായാണ് ജാതികൾ കണക്കാക്കുന്നത്. ദൈവത്തിന് ഭക്ഷണം നൽകുന്നു എന്ന സങ്കല്പത്തിലാണ് അവർ വിഗ്രഹത്തിന് ഭക്ഷ്യവസ്തുക്കൾ അർപ്പിക്കുന്നത്. വിഗ്രഹത്തിന് നിവേദിച്ച ഭക്ഷണം ദേവന്റെ പ്രസാദം (അനുഗ്രഹം) എന്ന നിലയ്ക്കാണ് അവർ സ്വീകരിക്കുന്നതും ഭക്ഷിക്കുന്നതും.

വിഗ്രഹം ദൈവമല്ല. അതുകൊണ്ട് വിഗ്രഹാർപ്പിതത്തിന് വിശേഷിച്ച് ഒരു പ്രത്യേകതയുമില്ല. സാധാരണ ഭക്ഷണം പോലെ, സ്തോത്രം ചെയ്ത് അത് ഭക്ഷിക്കാം. ഒരു ദോഷവും ഉണ്ടാകുകയില്ല. പക്ഷേ അത് വിഗ്രഹാർപ്പിതമാണെന്നും വിഗ്രഹാർപ്പിതം തിന്നുന്നത് പാപമാണെന്നും കരുതുന്നവർ തിന്നരുത്. കാരണം, വിഗ്രഹത്തിന് വിശേഷിച്ച് ഒരു ശക്തിയുമില്ല എന്ന വസ്തുത ഈ ബലഹീന വിശ്വാസിക്ക് അറിഞ്ഞുകൂടാ. അന്യദേവന്റെ പ്രസാദമാണ് താൻ സ്വീകരിക്കുന്നത് എന്ന് കരുതുന്ന വ്യക്തി അത് സ്വീകരിച്ചാൽ അന്യദൈവത്തിന്റെ അനുഗ്രഹം സ്വീകരിക്കുന്നതിനു തുല്യമാണ്. സാത്താന് നമ്മുടെമേൽ അവകാശം പറയാൻ നാം അവസരം ഒരുക്കുകയാണ് ചെയ്യുന്നത്. അത് തീക്കളിയാണ്.

ഒരാൾ നമുക്ക് ഒരു ഭക്ഷ്യവസ്തു നൽകുന്നു. അത് വിഗ്രഹാർപ്പിതമാണോ എന്നൊന്നും നാം അന്വേഷിക്കേണ്ടതില്ല. സ്തോത്രം ചെയ്ത് വാങ്ങി ഭക്ഷിക്കുക. ഒരു പ്രശ്നവും ഉണ്ടാകുകയില്ല. എന്നാൽ ഇത് ദേവന്റെ പ്രസാദമാണ് എന്ന് പറഞ്ഞുകൊണ്ട് ഒരാൾ ഒരു ഭക്ഷ്യവസ്തു തന്നാൽ അത് സ്വീകരിക്കരുത്. കാരണം അന്യദൈവത്തിന്റെ പ്രസാദം (അനുഗ്രഹം) എന്ന നിലയ്ക്കാണ് അയാൾ അത് നൽകുന്നത്. അത് സ്വീകരിക്കുമ്പോൾ നാം അന്യദൈവത്തിന്റെ അനുഗ്രഹവും പ്രസാദവും സ്വീകരിക്കുകയാണ് ചെയ്യുന്നത്. അത് ഒഴിവാക്കേണ്ടതാണ്. ഇതൊക്കെയാണ് പൗലോസ് അല്പം വളച്ചുകെട്ടിയാണെങ്കിലും പറയുന്നത്.



# പ്രതിസന്ധിക്ക് ഒരു മുഖവുര

*ക്രിസ്ത്യാനിത്വം പ്രതിസന്ധിയിൽ എന്ന ഈ പുസ്തകം എഴുതുമ്പോൾ മൂന്നു ഉദ്ദേശ്യങ്ങൾ ആണ് എന്റെ മനസ്സിൽ ഉണ്ടായിരുന്നത്.*

*(1) ഒരുവൻ പൂർണ്ണമായി വായിക്കത്തക്ക ശൈലിയിൽ എഴുതുക.*

*(2) പൂർണ്ണവും വ്യക്തവും ആയ ഒരു രേഖ നൽകുക*

*(3) വായനക്കാരന്റെ ഓർമ്മയിൽ നിലനില്ക്കത്തക്ക രീതിയിൽ കാര്യങ്ങൾ അവതരിപ്പിക്കുക.*

*ഓർമ്മ എന്നതിനെ കാര്യങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന പ്രക്രിയ എന്നു വിശേഷിപ്പിക്കാം. ലളിതമായി പറഞ്ഞാൽ രണ്ടു വസ്തുതകൾ തമ്മിലുള്ള ബന്ധം ഒരു കാര്യത്തെക്കുറിച്ച് ഓർക്കുമ്പോൾ രണ്ടാമത്തെ കാര്യവും ഓർക്കുവാൻ സഹായിക്കും. ഒരു പക്ഷേ അത് ഒരു പേര് ആയിരിക്കാം, ഒരു മുഖം ആയിരിക്കാം, ഒരു രാജ്യമോ അതിന്റെ തലസ്ഥാനമോ ആയിരിക്കാം. അല്ലെങ്കിൽ ബൈബിളിലെ ഒരു അദ്ധ്യായമോ അതിലെ ഉള്ളടക്കമോ ആയിരിക്കാം.*

*ഓർമ്മയിൽ ഇരിക്കത്തക്കവിധം കാര്യങ്ങളെ ബന്ധിപ്പിക്കുവാൻ പല മാർക്ഷങ്ങൾ ഉണ്ട്. അതിൽ ഒന്ന് ചില ചുരുക്കെഴുത്തു രൂപങ്ങൾ ഉപയോഗിക്കുക എന്നതാണ്. ഉദാഹരണമായി* H.O.M.E.S *എന്ന വാക്ക് ഉപയോഗിച്ച് താഴെപ്പറയുന്ന വലിയ തടാകങ്ങളുടെ പേരുകൾ ഓർമ്മയിൽ സൂക്ഷിക്കുവാൻ കഴിയും.* H– *ഹ്യൂറോൺ ,* O– *ഒന്റാറിയോ,* M –*മിഷിഗൺ,* E *എറീ ,* S – *സുപ്പീരിയർ.*

*ഇതേ രീതിയിൽ ക്രിസ്ത്യാനിത്വം പ്രതിസന്ധിയിൽ എന്നതിലെ കാര്യങ്ങൾ ഓർക്കുവാൻ സഹായിക്കുന്ന ഒരു വാക്ക് (*Acronym*) ഞാൻ രൂപപ്പെടുത്തിയിട്ടുണ്ട്. അടുത്ത അഞ്ചു ഭാഗങ്ങളിൽ ഓരോന്നിലും ഈ വാക്കിൽ നിന്ന് (*Flaws*) ഓരോ അക്ഷരം വീതം ക്രിസ്തീയ വിശ്വാസത്തിലെ നാല് ആത്മീയ നിയമങ്ങളും വിശ്വാസ പ്രസ്ഥാനത്തിലെ നാല് അബദ്ധങ്ങളും തമ്മിൽ തുലനം ചെയ്യുവാൻ ഞാൻ ഉപയോഗിക്കുന്നതാണ്.*

FLAWS *എന്ന വാക്കിലെ* F *എന്ന അക്ഷരം വിശ്വാസം എന്ന വാക്കിനെ ഓർക്കുവാൻ സഹായിക്കും. അഞ്ചുമുതൽ എട്ടുവരെയുള്ള അദ്ധ്യായങ്ങളിൽ വിശ്വാസത്തെ സംബന്ധിച്ച വിശ്വാസ പ്രസ്ഥാനത്തിന്റെ ആത്മതത്വജ്ഞാന വീക്ഷണം എന്തെന്ന് നാം പരിശോധിക്കുന്നതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട നാല് ആത്മീയ അബദ്ധങ്ങൾ താഴെ കൊടുക്കുന്നു.*

*1. വിശ്വാസത്തിന്റെ ബലം.*

*വിശ്വാസം ഒരു ശക്തി അഥവാ ബലം (*Force*) ആണ്. വാക്കു കൾ ആ ബലത്തെ ഉൾക്കൊള്ളുന്ന സംഭരണികളാണ്. അത നുസരിച്ച് വാക്കുകളുടെ ശക്തി യിലൂടെ നിങ്ങളുടെ യാഥാർത്ഥ്യം നിങ്ങൾക്കു തന്നെ സൃഷ്ടിക്കാം.*

*2. വിശ്വാസത്തിന്റെ സൂത്രവാക്യം (*Formula of faith*)*

*വിശ്വാസ ദൈവ ശാസ്ത്രത്തിലെ കളികളുടെ പേരാണ് സൂത്രവാക്യങ്ങൾ. അവയിലൂടെ നിങ്ങൾക്കു തന്നെ ദൈവവും ആയുള്ള നിങ്ങളുടെ ഇടപാടുകൾ ഉറപ്പിക്കാം.*

*3. ദൈവത്തിന്റെ വിശ്വാസം (*Faith of God*)*

*വിശ്വാസ പ്രസ്ഥാനത്തിന്റെ ദൈവം ഒരു ദൈവമേ അല്ല. കാരണം അവരുടെ ക്രമം അനുസരിച്ച് സാർവ്വലൗകിക വിശ്വാസ നിയമത്തിന് അനുസരിച്ച് തുള്ളുന്ന ഒരു വിശ്വാസ ജീവി മാത്രമാണ് അവരുടെ ദൈവം.*

*4. വിശ്വാസത്തിന്റെ പ്രസിദ്ധി.*

*വിശ്വാസ ഗുരുക്കന്മാരുടെ നിലനില്പിന് ഇയ്യോബിനെ വീഴ്ത്തേണ്ടിയിരുന്നു. അതുകൊണ്ട് അവർ ഇയ്യോബിനെ വിശ്വാസ വീരന്മാരുടെ നിരയിൽ നിന്ന് വിശ്വാസത്യാഗികളുടെ നിരയിലേക്ക് തരം താഴ്ത്തി നിന്ദാപാത്രമാക്കുകയും തങ്ങളെത്തന്നെ വിശ്വാസ വീരന്മാരുടെ ഗണത്തിലേക്ക് ഉയർത്തുകയും ചെയ്യുന്നു.*



***ഹാങ്ക് ഹാനെഗ്രാഫ് എഴുതിയ ക്രിസ്ത്യാനിറ്റി ഇൻ ക്രൈസിസ് എന്ന പുസ്തകത്തിൽ നിന്ന് എടുത്തതാണ് ഈ ലേഖനം.***

Flaws *എന്ന വാക്കിലെ രണ്ടാമത്തെ അക്ഷരമായ* L *കുട്ടിദൈവങ്ങൾ (*Little gods*) എന്ന വാക്ക് ഓർക്കുവാൻ സഹായിക്കും. ഒൻപതു മുതൽ പന്ത്രണ്ടുവരെയുള്ള അദ്ധ്യായങ്ങളിൽ മനുഷ്യരെ ചെറുദൈവങ്ങളായി കാണുന്ന വിശ്വാസ പ്രസ്ഥാന ചിന്താഗതിയെ പരിശോധിക്കുന്നു. ഇതെസംബന്ധിച്ച നാല് ആത്മീയ അബദ്ധങ്ങൾ ഇപ്രകാരം ചുരുക്കി പറയാം.*

*1. മനുഷ്യനു ദൈവത്വം കല്പിക്കുക. വിശ്വാസ ദൈവശാസ്ത്രം അനുസരിച്ച് ആകാരവും വലിപ്പവും ഉൾപ്പെടെ ദൈവത്തിന്റെ തനിപ്പകർപ്പായാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്.*

*2. ദൈവത്തെ തരം താഴ്ത്തുന്നു. മനുഷ്യന് ദൈവത്വം കല്പിക്കുന്നതിനു പുറമെ തന്റെ സൃഷ്ടികളുടെ ഉത്തരവുകൾ അനുസരിച്ച് അവരുടെ താളത്തിനു തുള്ളുന്ന, സ്ഥിരസ്വഭാവം ഇല്ലാത്ത ഒരു വ്യക്തിയായി ദൈവത്തെ വിശ്വാസ പ്രസ്ഥാനക്കാർ തരം താഴ്ത്തുകയും ചെയ്യുന്നു.*

*3. സാത്താനു ദൈവത്വം കല്പിക്കുന്നു. സാത്താന് ഈ ലോകത്തിന്റെ ദൈവം എന്ന പദവി നൽകുകയും യഥാർത്ഥ ദൈവീക വെളിച്ചത്തെ നിഷ്പ്രഭമാക്കുവാൻ ഉള്ള ശക്തി അവനുണ്ടെന്ന് അംഗീകരിക്കുകയും ചെയ്യുന്നു.*

*4. ക്രിസ്തുവിനെ തരം താഴ്ത്തുന്നു. എല്ലാ കൾട്ടുകളും ലോക മതങ്ങളും ചെയ്യുന്നതുപോലെതന്നെ വിശ്വാസ പ്രസ്ഥാനക്കാരും യേശുക്രിസ്തുവിന്റെ ദൈവത്വം എന്ന വിഷയത്തിൽ വിട്ടുവീഴ്ചയ്ക്കു തയ്യാറാകുന്നു.*

FLAWS *എന്നവാക്കിലെ* A *എന്ന അക്ഷരം പാപ പരിഹാര പാതകങ്ങളെ (*Atonement Atrocities*) ഓർമ്മിപ്പിക്കും. ക്രിസ്ത്യാനിത്വത്തിന്റെ അടിസ്ഥാനമായ ക്രിസ്തുവിന്റെ പാപപരിഹാര യാഗത്തെ വിശ്വാസ പ്രസ്ഥാനക്കാർ എപ്രകാരം വികലമായി ചിത്രീകരിക്കുന്നു എന്ന് പതിമൂന്നു മുതൽ പതിനാറുവരെയുള്ള അദ്ധ്യായങ്ങളിൽ നിങ്ങൾക്കു മനസ്സിലാക്കാം. അതെ സംബന്ധിച്ച നാല് ആത്മീയ വീഴ്ചകൾ താഴെ പറയും വിധം സംഗ്രഹിക്കാം.*

*1. ക്രൂശിലെ പുനസൃഷ്ടി. ക്രിസ്തു ക്രൂശിൽ ദൈവീകമായതിൽ നിന്ന് സാത്താന്യമായി, അതായത് സാത്താന്റെ സകല സ്വഭാവത്തോടും കൂടെ പുനസൃഷ്ടിക്കപ്പെട്ടു.*

*2. വീണ്ടെടുപ്പ് നരകത്തിൽ: വിശ്വാസ പ്രസ്ഥാന ഗുരുക്കന്മാരിൽ ഒരുവന്റെ വാക്കുകളിൽ പറഞ്ഞാൽ സാത്താൻ ക്രൂശിൽ യേശുവിനെ കീഴ്പ്പെടുത്തി. മറ്റൊരുവന്റെ വാക്കുകളിൽ പാപത്തിന് പ്രായശ്ചിത്തം ക്രൂശിൽ മരിക്കുക എന്നത് ആയിരുന്നു എങ്കിൽ യേശുവിനോടുകൂടെ ക്രൂശിക്കപ്പെട്ട കള്ളന്മാർക്ക് നിങ്ങളുടെ വില നല്കുവാൻ കഴിഞ്ഞു.*

*3. നരകത്തിലെ വീണ്ടും ജനനം. സാത്താന്യ പീഠനങ്ങളാൽ ബലഹീനമായ, തൂകപ്പെട്ട, നിസ്സാരവും കൃമി തുല്യവുമായ യേശുവിന്റെ ആത്മാവ് വീണ്ടും ജനനം പ്രാപിച്ചു. യേശുവിനെ ഇരയായി ഉപയോഗിച്ച് ദൈവം സാത്താനെ കുടുക്കുകയായിരുന്നു.*

*4. പുനർജന്മം.*

*സാത്താന്യ അവസ്ഥയിൽ ആയിരുന്ന യേശു ദൈവീകമായ അവസ്ഥയിലേക്ക് പുനർജന്മം എടുക്കുകയും ദൈവാവതാരമായി നരകത്തിൽ നിന്ന് പുറത്തുവരുകയും ചെയ്തു. വീണ്ടും ജനനം പ്രാപിക്കുമ്പോൾ നിങ്ങളും സാത്താന്യ അവസ്ഥയിൽ നിന്ന് ദൈവീക അവസ്ഥയിൽ ആകുകയും നസറായനായ യേശുവിനെപ്പോലെതന്നെ ഒരു അവതാരം ആയി മാറുകയും ചെയ്യുന്നു.*

FLAWS *എന്ന വാക്കിലെ* W *ധനത്തെയും ആവശ്യങ്ങളെയും കുറിച്ച് (*Wealth and Wants*) ഓർമ്മിപ്പിക്കുന്നു. ക്രിസ്ത്യാനിത്വത്തെ കൃപയുടെ സുവിശേഷത്തിൽ നിന്ന് അത്യാഗ്രഹത്തിന്റെ സുവിശേഷമായി വിശ്വാസപ്രസ്ഥാനക്കാർ എങ്ങനെ രൂപാന്തരപ്പെടുത്തുന്നു എന്ന് പതിനേഴു മുതൽ ഇരുപതുവരെയുള്ള അദ്ധ്യായങ്ങളിൽ നാം പരിശോധിക്കുന്നതാണ്. ഇതെ സംബന്ധിച്ച നാല് അപദ്ധോപദേശങ്ങൾ ഇപ്രകാരമാണ്.*

*1. സാംസ്കാരികാനുകരണം. നമ്മുടെ സംസ്ക്കാരം ക്രിസ്തുവിനോട് അനുരൂപപ്പെടുത്തുന്നതിനു പകരം ആഡംബരപ്രിയനായ ഒരു യേശുവിനെയാണ് സമൃദ്ധി സുവിശേഷ പ്രസംഗകർ അവതരിപ്പിക്കുന്നത്.*

*2. കപടമനസ്സാക്ഷിയും അതിന്റെ മൂടുപടവും.*

*വിശ്വാസ പ്രസ്ഥാനക്കാരുടെ കാപട്യങ്ങളും അവയുടെ മൂടുപടങ്ങളും വളരെ അപഹാസ്യമാണ്. അവ ബോദ്ധ്യമാകണമെങ്കിൽ വിശദമായി വായിച്ചാലേ സാധിക്കൂ.*

*3. ഉടമ്പടി ബന്ധം.*

*ദൈവം അബ്രഹാമുമായി ചെയ്ത ഒരു ഉഭയ സമ്മതത്തെ അടിസ്ഥാനമാക്കിയാണ് വിശ്വാസ പ്രസ്ഥാനക്കാർ സമ്പത്തിനെയും ആവശ്യങ്ങളെയും സംബന്ധിച്ചുള്ള തങ്ങളുടെ ആശയം രൂപപ്പെടുത്തിയിരിക്കുന്നത്. ദൈവം അബ്രഹാമിനോട് ഇപ്രകാരം പറഞ്ഞു എന്നാണ് അനുമാനം: "ഞാൻ നിന്റെ മുമ്പിൽ ഒരു നിർദ്ദേശം വെക്കുന്നു. അതു നിനക്കു സ്വീകാര്യം അല്ല എങ്കിൽ ശല്യപ്പെടുത്താതെ സ്ഥലം വിടാൻ എന്നോട് ആവശ്യപ്പെടാം."*

*4. സാഹചര്യം, സാഹചര്യം, സാഹചര്യം (*Context, Context , Context*)*

*ബൈബിൾ ഭാഗങ്ങൾക്ക് ബുദ്ധിജീവികൾക്ക് മാത്രം മനസ്സിലാകുന്നതും നിഗൂഢവുമായ അർത്ഥം കൽപ്പിക്കുന്നതിൽ*

(പേജ് ......7)




## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപനത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു. www.yourname.com എന്ന വിലാസം. you@yourname.com എന്ന ഈമെയിൽ. ഒരു ഹോം പേജ്

ആകെ ചെലവ്: 1500 രൂപ മാത്രം. ഓരോ അധിക പേജിനും 400 രൂപ

ഫോൺ: 0484-3232356. മൊബൈൽ: 94474 14608


## ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കുന്നു

അഭ്യുദയകാംഷികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കാൻ തീരുമാനിക്കുകയാണ്. (ആയുഷ്ക്കാലം എന്നതുകൊണ്ട് വരിക്കാരന്റെ ആയുഷ്ക്കാലമെന്നല്ല റ്റി.എസ്. ബാലന്റെ ആയുഷ്ക്കാലമെന്നാണ് അർത്ഥമാക്കുന്നതെന്ന് വ്യക്തമാക്കട്ടെ. കാരണം, റ്റി.എസ്.ബാലൻ മരിക്കുന്നതോടെ ഡിഫെൻഡറും ഇല്ലാതാകും.)

ഡിഫെൻഡറിന്റെ ആയുഷ്ക്കാല വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ 1000 (ആയിരം) രൂപ രണ്ടാം പേജിൽ കാണുന്ന വിലാസത്തിൽ ചെക്ക്/ഡി.ഡി/മണിയോഡർ അയയ്ക്കുക. ചെക്ക്/ഡി.ഡി. എന്നിവ T.S.Balan എന്ന പേരിൽ മാത്രം എടുക്കാൻ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക്:

**Ph: 0484-3232356. Mob: 9447414608**

# പെന്തക്കോസ്ത് ഗോളത്തിലെ അപകടസ്ഥിതി

പി. ഐ. ഏബ്രഹാം (കാനം)

"പട പേടിച്ചു പന്തളത്തു ചെന്നപ്പോൾ പന്തം കൊളുത്തിപ്പട വരുന്നു"വെന്നു കേട്ടിട്ടുണ്ട്. പട്ടത്വസഭകളിൽ കാണുന്ന കൊട്ടും വെടിയും നൂറുകൂട്ടം അനാചാരങ്ങളും വചനവിരുദ്ധമായ ഉപദേശങ്ങളുമൊക്കെ വിട്ട് അപ്പൊസ്തലിക ഉപദേശത്തിന്റെ പുൽമാലിയിലേക്കു നിങ്ങളിൽ ചിലരെപ്പോലെ ഞാനും വന്നു. ജീവിതത്തിൽ രോഗങ്ങളോ സാമ്പത്തിക ബുദ്ധിമുട്ടുകളോ ഒക്കെ ഒരു പരിധിവരെ വന്നിട്ടുണ്ട്. അതിലൊന്നും എനിക്കൊരു പരാതിയുമില്ല. എന്നാൽ, ഭക്തിയുടെ വേഷത്തിൽ ഈ ഗോളത്തിൽ വെളിപ്പെടുന്ന സാത്താന്റെ തട്ടിപ്പുകൾ കണ്ടുനില്ക്കാൻ ഒട്ടും കഴിയുന്നില്ല. ഒറിജിനൽ കണ്ടിട്ടുള്ളവനു മാത്രമേ ഡ്യൂപ്ലിക്കേറ്റു കണ്ടാൽ മനസ്സിലാകുകയുള്ളൂ. രണ്ടായിരം കൊല്ലത്തിനു മുമ്പു പരിശുദ്ധാത്മാവു മർക്കോസിന്റെ മാളികയിൽ ഇറങ്ങിയതുകൊണ്ട് നൂറുകൊല്ലത്തിന്റെ ശതാബ്ദി യുക്തമല്ലായെന്നു റ്റി.എസ്.ഏബ്രഹാമിനെപ്പോലെ ഞാനും എന്റെ എളിയ അഭിപ്രായം പറഞ്ഞു. ആരു ചെവികൊള്ളാൻ! പക്ഷെ, ഞാൻ ആ വഴിക്കുപോയില്ല. ഒരു വ്യക്തിയെങ്കിലും അനുഗ്രഹം പ്രാപിച്ചെങ്കിൽ എനിക്കതിൽ സന്തോഷമേയുള്ളൂ. പക്ഷേ, പണത്തിന്റെയും മറ്റും കണക്കു തീർക്കുന്നനാളിൽ നാം ലജ്ജിക്കാതെ നില്ക്കണം. കർത്താവിനുവേണ്ടി നിന്നിട്ടു മനുഷ്യരുടെ മുൻപിൽ പരസ്യകോലമാകാൻ ഇടവരരുത്. അതിലധികമൊന്നും പറയുന്നില്ല.

നന്മയുടെ വേഷത്തിൽ കൊടിയ തിന്മ വ്യാപിക്കുകയാണ്. സുവിശേഷ പ്രസംഗം നിർത്തിയിട്ടു 'വിരുന്നാ'ണു ജനത്തിനു കൊടുക്കുന്നത്. ആരാധനയ്ക്കു പകരം കൂട്ട ഡാൻസ്. ഈ ആരാധനക്കാരനെ ഒന്നു കണ്ടിരുന്നെങ്കിൽ എനിക്കൊന്നേ ചോദിക്കാനുള്ളൂ: സഹോദരാ, നിന്റെ വീട്ടിൽ ഭാര്യയും കുഞ്ഞുമായി നീ തനിച്ചായിരിക്കുമ്പോൾ നിനക്ക് ആരാധനയുണ്ടോ? അല്ല വിശുദ്ധ പൊലോസു പറഞ്ഞതുപോലെ, "ഞാൻ എന്റെ ആത്മാവിൽ ആരാധിക്കുന്ന എന്റെ ദൈവ"മെന്നു വ്യക്തിപരമായ ജീവിതത്തിൽ നിനക്കു പറയാമോ? ആത്മാവിൽ ആരാധിക്കുന്നതിനു പ്രകടനമൊന്നുമില്ലല്ലോ.



പണ്ടൊരു യോഗത്തിൽ പ്രാർത്ഥിക്കാൻ ഒരാളോട് ആവശ്യപ്പെട്ടു. മറുപടി ഇങ്ങനെയായിരുന്നത്രേ: "അതിനു മൈക്ക് എവിടെയിരിക്കുന്നു"! മൈക്കില്ലാതെ പ്രാർത്ഥിക്കാൻ അയാൾക്കറിഞ്ഞുകൂടാ. ബെന്നി ഹിന്നിനെ പാർക്കുന്ന മുറിയിൽ ക്ഷണിച്ചുകൊണ്ടു വന്നിട്ട് "ഒന്നു പ്രാർത്ഥിക്കണെ"മെന്നു രോഗി ആവശ്യപ്പെട്ടു. (വേണ്ടിവന്നാൽ രോഗിണിയുടെ പേരു വെളിപ്പെടുത്താം). സ്ഥലം ബാംഗ്ലൂരാണ്. ബെന്നി ഹിന്നിന്റെ മറുപടി: "രോഗശാന്തിയുടെ ശുശ്രൂഷ സ്റ്റേജിൽ മാത്രമേ എനിക്കുള്ളൂ." ചുരുക്കത്തിൽ, പ്രാർത്ഥിച്ചില്ല! ഇതേപ്പറ്റി വായനക്കാർ എന്തു പറയുന്നു? ചുരുക്കിപ്പറയട്ടെ, മിക്ക ക്രൂസേഡു വിദഗ്ദ്ധന്മാരും പ്ലാറ്റ്ഫോം സ്പിരിറ്റ് (Mass spirt, abnormal mind) എന്നൊക്കെപ്പറയാവുന്ന ശക്തിക്ക് അധീനരായിട്ടാണു ഭാവപ്രകടനങ്ങൾ നടത്തുന്നത്. പല ചക്ക വീണ കൂട്ടത്തിൽ ഒരു ചക്ക വീണ് മുയൽ ചത്തുവെന്ന ഭാഷയിൽ, ഇടയ്ക്ക് ഒരു നിർമ്മലവിശ്വാസി നിഷ്ക്കളങ്കമായി വിശ്വസിച്ച് ആ ബഹളത്തിൽ സൗഖ്യമായെന്നും വരാം. എന്തെങ്കിലുമാകട്ടെ, എനിക്കൊന്നേ പറയാനുള്ളൂ: സുവിശേഷത്തിനു വ്യവസ്ഥയുണ്ട്. അതു വേദപുസ്തകത്തിലുണ്ട്. അനുതാപമാണ് അതിന്റെ ഒന്നാമത്തെ വ്യവസ്ഥ. മാനസ്സാന്തരം, രക്ഷ, സ്നാനം, കൂട്ടായ്മ, കർത്തൃമേശ, വേർപാട് അങ്ങനെ പടികളുണ്ട്. മേൽക്കൂര വച്ചശേഷമല്ല തറപ്പണി നടത്തേണ്ടത്. അതാണെന്റെ വാദം.

മനഃശാസ്ത്രവിദ്ഗ്ദ്ധന്മാർ പറയുന്ന ഒരു വിഷയംകൂടെ തൊട്ടുകാണിക്കാം. ചെറുപ്പക്കാർക്ക് (റ്റീനേജേഴ്സ്) സെക്സ് എന്ന പ്രവണത ശക്തിയായി അവരിൽ വ്യാപരിക്കുന്നുണ്ട്. ഇണയെ ആകർഷിക്കുകയെന്നൊരു പ്രവണതയുണ്ട്. പെൺകുട്ടിയുടെ മുൻപിൽ ഒരു വീരപുരുഷനായി (hero) വെളിപ്പെടുക ഒരാവശ്യമാണ്. അത് ഏതു റോളിലായാലും തരക്കേടില്ല. സിദ്ധിയുള്ളവനായി ഭാവിക്കുക, പുതിയ വെളിപ്പാടു ലഭിച്ചവനായി നടിക്കുക, veto അധികാരം പ്രാപിച്ചവനേപ്പോലെ പെരുമാറുക അങ്ങനെ പോകുന്നു. മറ്റുചിലർ ഗാനമേളയുടെ കൊഴുപ്പിൽ ഇണയെ ആകർഷിക്കാൻ ശ്രമിക്കുന്നു. പണ്ടാരോ ഫലിതം പറഞ്ഞതായിക്കേട്ടിട്ടുണ്ട്: "പെൺകുട്ടികൾ സഭയിൽ ഇല്ലാതിരുന്നതിനാൽ ഗായകനു ഭംഗിയായി പാടാൻ കഴിഞ്ഞില്ലാ"യെന്ന്! ഇതിലൊക്കെ കുറെ സത്യവുമുണ്ട്.

ഇപ്പറഞ്ഞതുകൊണ്ട്, സിദ്ധന്മാരോ ഭക്തന്മാരോ ഇല്ലെന്നും വരുന്നില്ല. നല്ലത് എവിടെയുമുണ്ട്. പക്ഷേ, ചുരുക്കമായിരിക്കും. മിന്നുന്നതെല്ലാം പൊന്നല്ല. എങ്കിലും യഥാർത്ഥ ആത്മീയതയുടെ മുഖമുദ്ര അനുതാപവും കണ്ണുനീരും താഴ്മയും സത്യവുമൊക്കെയാണ്. നമ്മുടെ കർത്താവു ചിരിച്ചതായി ഒരിക്കലും വായിച്ചിട്ടില്ല (അതുകൊണ്ട് ചിരിച്ചില്ലെന്നും ഞാൻ വിചാരിക്കുന്നില്ല). കരഞ്ഞതായി അനവധി വേളകളിൽ കാണുന്നു. മതങ്ങളും കൾട്ടുകളും വർദ്ധിച്ചു സത്യസുവിശേഷത്തെ നശിപ്പിച്ചുകളയാൻ നാം ഇടകൊടുക്കരുത്.

ചെറുപ്പം തൊട്ടു ഞാനൊരു വായനാഭ്രാന്തനായിരുന്നു. പൊൻകുന്നം വർക്കിയുടെ 'തിരുമുൽക്കാഴ്ചകൾ' വായിച്ചതോർക്കുന്നു. അതിൽ പല കാര്യങ്ങൾ എന്നെ ചിന്തിപ്പിച്ചു. ഒന്ന് എന്നെ കണക്കറ്റു രസിപ്പിച്ചു. വഴിയരികിൽ സ്ഥാപിച്ച കുരിശിൻ തൊട്ടിയുടെ മുൻപിലൊരു കുരിശുഭക്തൻ ചെന്നു. യേശുവിന്റെ പരമശയ്യയായ കുരിശു കണ്ട് അയാൾ വിങ്ങിപ്പൊട്ടി. കുരിശിനെ ആഞ്ഞുമുത്തുവാൻ അയാൾ തല നീട്ടി – എത്തുന്നില്ല, എന്തോ കൂർത്തയൊന്നു തന്റെ വയറ്റിൽ തറച്ചുകൊള്ളുന്നു. നോക്കിയപ്പോൾ പണപ്പെട്ടിയുടെ മൂലയാണ്. ക്രിസ്തുവിന്റെ കുരിശിനോടടുക്കുവാൻ ശ്രമിക്കുന്നവനെ മതത്തിന്റെ പണപ്പെട്ടി തടയുന്നുവെന്നയാശയം എന്നെ രസിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തു.

അന്നു ഞാനൊരു ബാലനാണ്. റസ്സൽ മതപ്രചാരകനായ ഒരു വയസ്സൻ ഞങ്ങളുടെ നാട്ടിലുണ്ടായിരുന്നു. ഒരു സായ്പിനെയും കൂട്ടി ഞങ്ങളുടെ പടിക്കലൂടെ അയാൾ വന്നു. ഒരു റസ്സൽ പുസ്തകം എനിക്കു നീട്ടിത്തന്നു. പത്തുമിനിറ്റു കഴിഞ്ഞു സായ്പും കൂട്ടുകാരനും അതുവഴി തിരിച്ചുവന്നു. ജിജ്ഞാസുവായ ഞാൻ അപ്പോഴും അവിടെ നില്പുണ്ട്. സായ്പ് എന്നെ നോക്കി ഇംഗ്ലീഷിലെന്തോ ചോദിച്ചു. ഇംഗ്ലീഷറിയാത്ത എനിക്ക് അതു മനസ്സിലായില്ല. എന്നാൽ, നമ്മുടെ വയസ്സൻ പറഞ്ഞ മറുപടി രണ്ടു വാക്കുകളായിരുന്നതുകൊണ്ട് എന്റെ ഓർമ്മയിൽ നിന്നു: "റ്റൂ പേജസ്" എന്നായിരുന്നു അത്. മിഡിൽ സ്കൂളിൽ ഇംഗ്ലീഷ് പഠിക്കുന്നതുവരെ ആ ശബ്ദം ഞാൻ ഓർമ്മയിൽ സൂക്ഷിച്ചു – രണ്ടു പേജുകൾ. ഞാൻ ചിന്തിച്ചു: "എന്താണീ രണ്ടു പേജുകൾ?" അപ്പോഴെനിക്കൊരു വെളിപ്പാടു കിട്ടി: "കുഞ്ഞേ, നിനക്കു തന്ന പുസ്തകം വായിച്ചോ"യെന്നാണു സായ്പു ചോദിച്ചത്. സായ്പിനെക്കൊണ്ടു മുതലെടുക്കുന്ന നമ്മുടെ മലയാളി എനിക്കുവേണ്ടി റിപ്പോർട്ടു കൊടുത്തു – രണ്ടു പേജു വായിച്ചെന്ന്! സത്യം എവിടെക്കിടക്കുന്നു! ഇന്നത്തെ സുവിശേഷവേലക്കാരുടെ പല റിപ്പോർട്ടുകളും രഹസ്യങ്ങൾ വെളിപ്പെടുത്തുന്ന ആ മഹാദിവസത്തിൽ വെളിച്ചം കാണുമ്പോൾ എന്തായിരിക്കും ആ ചിത്രം! ഒന്നു ചിന്തിക്കുക.

വചനത്തിന് ശക്തിയുണ്ടെന്നു നമ്മൾ വിശ്വസിക്കുന്നു. പള്ളിക്കാരും വിശ്വസിക്കുന്നു. ബാല്യത്തിൽ അമ്മ എന്നെയൊന്നു കാർമ്മികനാക്കി. പാത്രത്തിൽ വെള്ളമെടുത്തു, തൊണ്ണൂറ്റൊന്നാം സങ്കീർത്തനം ചൊല്ലിച്ചു. ഓരോ വാക്യവും തീരുമ്പോൾ വെള്ളത്തിൽ കുരിശാകൃതിയിലൂതും. അങ്ങനെ സങ്കീർത്തനം തീർന്നു. ധാരാളം കുരിശുകൾ വെള്ളത്തിൽക്കലർന്നു. ഈ ശക്തിയുള്ള വെള്ളം കന്നുകാലിക്കൂട്ടിലൊഴിക്കാൻ അമ്മയാജ്ഞാപിച്ചു – കാലികളുടെ ബാധകൾ മാറുന്നതിനുവേണ്ടി. കുറെ ഈച്ചകൾ പറന്നുപോയത് ഒരു വിജയമായിത്തോന്നി.

ഭക്തനായൊരച്ചൻ ഞങ്ങളുടെ പള്ളിയിൽ ഭരിച്ചിരുന്നു. അദ്ദേഹമെന്നോടു പറഞ്ഞു: "കുർബ്ബാനമദ്ധേ ഒരു ഞായറാഴ്ച നീ പ്രസംഗിക്കണം." മുൻപിൻ ചിന്തിക്കാതെ ഞാൻ സമ്മതിച്ചു. അന്നു ഞാൻ ഹൈസ്ക്കൂളിൽ പഠിക്കയായിരുന്നു. അച്ചൻ ജനത്തെ ഇരുത്തി. ഇന്ന് ഒരു പുതിയ പ്രസംഗകൻ പ്രസംഗിക്കുമെന്നു പറഞ്ഞു. കൊച്ചുമുണ്ടുമുടുത്ത് മുറിക്കയ്യൻ ഷർട്ടുമായി ഞാനെഴുന്നേറ്റു. മേശയുടെ പുറകിൽ നിന്നു. വീഴാതെ ബലമായിപ്പിടിച്ചു. ലോകമവസാനിക്കുന്നതു കാണാൻ എല്ലാവരും എന്നെ നോക്കി. ഞാൻ വാക്യമുദ്ധരിച്ചു: "ഏലിയാവേ, ഇവിടെ നിനക്കെന്തു കാര്യം? എഴുന്നേറ്റു തിന്നുക, ദൂരയാത്ര ചെയ്യാനുണ്ടല്ലോ....." അങ്ങനെ ആ പ്രസംഗം തീർന്നു. അറംപറ്റുന്ന വാക്കുകളായിരുന്നു അവ. നിന്ന പ്രസ്ഥാനത്തോടു വിട പറയുന്നതും സുവിശേഷത്തിനായി വിശ്രമരഹിതമായി ദൂരയാത്രകൾ ചെയ്യുന്നതുമൊക്കെ ആത്മാവ് അന്നേ സൂചിപ്പിക്കുകയായിരുന്നു.

ഒരു പള്ളിയിൽ ഒരു മെത്രാച്ചൻ വന്നു പാർക്കുന്നു. അവിവാഹിതനും വൃദ്ധനുമായ ഒരച്ചനും അവിടെയുണ്ട്. മെത്രാച്ചനാകാൻ ആഗ്രഹിച്ചിട്ടു സാധിക്കാതെ പോയ അച്ചനാണ്. ഒരു മങ്ങിയ സന്ധ്യയിൽ മെത്രാച്ചനാണെന്ന ധാരണയിൽ ചിലർ ചെന്നു വലിയച്ചന്റെ കൈമുത്തി. നല്ല അവസരമെന്നു കണ്ടു വന്നവരെയെല്ലാം താൻ കൈമുത്തിച്ചു. അങ്ങനെയൊരു ദിവസത്തേക്കെങ്കിലും മെത്രാച്ചനാകാൻ നമ്മുടെയച്ചനു ഭാഗ്യമുണ്ടായി. അങ്ങനെയും സന്തോഷിക്കുന്നവർ!

പത്രോസ് ഒരു ദിവസത്തേക്കു കർത്താവായ കഥയും കൂടെപ്പറയട്ടെ. "കർത്താവേ, കർത്താവേ എന്നു വിളിച്ച് ആളുകൾ നിന്നെ ബഹുമാനിക്കുന്നു. ഞങ്ങളെയാരും ശ്രദ്ധിക്കുന്നില്ല." ഒരു ദിവസത്തേക്കെങ്കിലും എന്നെയൊന്നു കർത്താവാക്കണേയെന്നപേക്ഷിച്ചു. "ഒരു ദിവസമാക്കാം; ദിവസം പറയുന്നില്ല" യെന്നു കർത്താവു പറഞ്ഞു (അപ്പോക്രിഫാക്കഥയാണേ). ഇന്നാകും നാളെയാകുമെന്നു വിചാരിച്ചു പത്രോസ് ഇരിപ്പാണ്. ഒരു യാത്രയിൽ അനേകം താറാവുകളെ വളർത്തുന്ന ഒരു പയ്യൻ ആ കൂട്ടത്തെ ഒരിടത്തു തടുത്തുകൂട്ടി നിർത്തിയിട്ട് എങ്ങോ നടന്നു പോകുന്നു. കർത്താവു ചോദിച്ചു: "കുഞ്ഞേ, നീയെങ്ങു പോകുന്നു?" "പിതാവേ, ഞാനൊരു സദ്യയ്ക്കു പോകുന്നു." യേശു ചോദിച്ചു: "മടങ്ങിവരുംവരെ നിന്റെ താറാവുകളെ ആരു സൂക്ഷിക്കും?" മറുപടി "കർത്താവു സൂക്ഷിക്കും". യേശു പത്രോസിനോടു പറഞ്ഞു: "ഇന്നത്തേക്കു നീ കർത്താവാണ്." പത്രോസിനു ജോലികിട്ടി. പുതിയ ഉടമയെക്കണ്ടപ്പോൾ താറാക്കൂട്ടം പിരിഞ്ഞോടി. തിരികെപ്പിടിക്കാൻ പിറകേ ഓടി. അവയാകെ ചിതറിയോടി. ബാലൻ വരുന്നതുവരെ പത്രോസ് ഓടിയോടി വശംകെട്ടു. ഒടുവിൽ ബാലൻ വന്നു. പത്രോസ് ഗുരുവിനെ നോക്കിപ്പറഞ്ഞത്രേ: "ഗുരോ, ഇനി നിർബ്ബന്ധിച്ചാലും ഞാൻ കർത്താവാകുകയില്ല. കർത്താവായിരിക്കാൻ കഴിവുള്ള നീ മാത്രം കർത്താവായിരുന്നാൽ മതി."

നിഷ്ക്കളങ്കതയുടെ അബദ്ധം കാപട്യത്തിന്റെ സുബദ്ധത്തെക്കാൾ ദൈവം ആദരിക്കും. യേശുവിനെ അറിയുകയില്ലെന്നല്ല, അവൻ ശപിക്കപ്പെട്ടവനാണ് എന്നൊക്കെ അബദ്ധത്തിൽ പത്രോസ് പറഞ്ഞു. എന്നാൽ യൂദയുടെ പാപത്തിനു പല ദിവസത്തെ പശ്ചാത്തലമുണ്ടായിരുന്നു. അതുകൊണ്ടെന്തുപറ്റി? യൂദാ പുരോഹിതന്റെ മുമ്പിൽ കുറ്റം ഏറ്റുപറഞ്ഞു. (പട്ടക്കാരന്റെ മുമ്പിൽ കുമ്പസാരം ആരംഭിച്ചത് യൂദയാണെന്നു പറച്ചിലുണ്ട്). എന്നാൽ പത്രോസ് യേശുവിന്റെ മുമ്പിൽ കരഞ്ഞു. അജപാലനത്തിന്റെ അധികാരം അവനു വീണ്ടുകിട്ടി. അതാണ് നിഷ്കളങ്കതയുടെ പ്രതിഫലം.

ഞാൻ കൊച്ചുകുട്ടിയായിരിക്കുമ്പോൾ പിതാവ് എന്നെ വിളിച്ചു "നീ ചെന്ന് അളിയനോട് ഇത്രടം വരണ"മെന്നു പറയാൻ ചുമതലപ്പെടുത്തി. കാപട്യമറിയാത്ത ഞാൻ ചെന്നു പറഞ്ഞു: "അളിയാ, വീട്ടിലോട്ട് വരണമെന്ന് അച്ചായൻ പറഞ്ഞു" (എന്റെ അച്ചായന്റെ അളിയനാണെന്നോർക്കണം). അദ്ദേഹം സമ്മിശ്രഭാവങ്ങളുള്ള മുഖത്തോടെ എന്നെ നോക്കി. ഞാനെന്നുമുതലാടാ നിന്റെ അളിയനായതെന്ന് ചോദ്യമിട്ടു. എന്റെ അപ്പോഴത്തെയവസ്ഥ വായനക്കാരനൊന്നൂഹിക്കുക. എങ്കിലും (പൗലോസ് പറഞ്ഞതുപോലെ) അറിയാതെ ചെയ്തതുകൊണ്ട് അതിനും മാപ്പുണ്ട്.

ഫലിതവും ഭക്തിയും കൈകോർത്തു നിന്ന ഒരു ദൈവദാസനെ ഓർക്കുന്നു. പേരുകൊണ്ട് പലരും അറിയും. തന്റെ വാക്കുകൾ മരിക്കാത്തവയാണ്. ഒരിക്കൽ മകനു വിവാഹമാലോചിക്കാൻ ആരോ ചെന്നു. ചെറുക്കന് എന്ത് സ്വത്തുണ്ടെന്ന് അന്വേഷണമായി? നമ്മുടെ ഫലിതപ്രിയൻ മറുപടി കൊടുത്തു: "പടിക്കൽ കണ്ടമുണ്ട്"! (തന്റേതല്ലെന്നുമാത്രം). അതുപോലെ, "ആണ്ടോടാണ്ട് കഞ്ഞികുടിക്കാനുള്ള പ്ലാവിലകിട്ടും" (മുറ്റത്തൊരു പ്ലാവുണ്ട്). അങ്ങനെപോകുന്നു ആ നർമ്മവാഹിനി. ട്രെയിൻയാത്രയിൽ ഒരു ഹൈന്ദവ പണ്ഡിതൻ മതവിഷയത്തിൽ തന്നോട് കൊമ്പുടക്കി. വലിയ പുസ്തകപടുവല്ലാത്ത നമ്മുടെ ദൈവദാസനോട് പണ്ഡിതൻ ചോദിച്ചു: "നിങ്ങൾ രാമായണം വായിച്ചിട്ടുണ്ടോ"? അതുവായിച്ചിട്ടില്ലാത്ത ഭക്തൻ ഒന്നു ചുളുങ്ങി. ഉടനൊരു ബുദ്ധി ഉദിച്ചു. "രാമായണം വായിച്ച നിങ്ങളോട് ചോദിക്കുന്നു, രാമായണം എന്ന പദത്തിന്റെ അർത്ഥമെന്ത്?" രാമനെ ബാധിക്കുന്നതെന്നൊക്കെപ്പറഞ്ഞ് അയാൾ നിൽക്കാൻ ശ്രമിച്ചു. നമ്മുടെ ഭക്തൻ വിട്ടുകൊടുക്കുന്നില്ല: "അറിവില്ലെങ്കിൽ സമ്മതിക്കണം." പണ്ഡിതൻ സമ്മതിച്ചു. ഭക്തന്റെ വ്യാഖ്യാനം: "സ്നേഹിതാ, രാമായണം എന്നുവച്ചാൽ, രാ– മായണം; അതായത്, നിന്റെ രാത്രി നീങ്ങണം. നിന്റെ ഇരുൾ മാറിപ്പോകണം. വെളിച്ചമായി ലോകത്തിൽ വന്ന യേശുഭഗവാൻ മാത്രമേ പാപത്തിന്റേയും ശാപത്തിന്റേയും ഇരുൾമാറ്റാൻ കഴിയൂ." വേലും കുന്തവുമായി വന്ന ഗോലിയാത്തിനെ അപ്പോൾപ്പെറുക്കിയ കല്ലുമായി നേരിട്ട കൊച്ചു ദാവീദിന്റെ അനുഭവമാണ് ആ ട്രെയിനിൽ സംഭവിച്ചത്.

ഞങ്ങളുടെ നാട്ടിലൊരു ബുദ്ധിജീവിയെ ഓർക്കുന്നു. ആൾ വയസനാണ്. ഒരിക്കലൊരു ധനികന്റെ വയൽ വരമ്പിലൂടെ അറിയാതെ നടന്നുപോയപ്പോൾ ക്ഷിപ്രകോ

(പേജ് 7.........)

(അച്ചനോടൊപ്പം എന്ന ഗ്രന്ഥത്തിൽ നിന്നും എടുത്തതാണ് ഈ ലേഖനം. പുസ്തകം ആവശ്യമുള്ളവർ താഴെ കാണുന്ന വിലാസത്തിൽ 80 രൂപ മണിയോഡർ അയച്ച് ആവശ്യപ്പെടുക)

**Emmanuel Publications,**
No. (48) 12, West Mada St.,
Nungambakkam, Chennai.
Tamil Nadu - 600 034

Phone: (R) 044-28250887, (O) 044-42174490

# പ്രതിസന്ധിക്ക് ഒരു മുഖവുര................

*വിദഗ്ദ്ധരാണ് വിശ്വാസ പ്രസ്ഥാനക്കാർ. മറ്റു പല കാര്യങ്ങളോടുമൊപ്പം യേശുക്രിസ്തുവും ശിഷ്യന്മാരും അതി ധനികർ ആയിരുന്നു എന്ന് ഇവർ അവകാശപ്പെടുന്നു.*

FLAWS *എന്ന വാക്കിലെ അവസാന അക്ഷരമായ* 'S' *രോഗത്തെയും കഷ്ടതയെയും കുറിച്ച് നിങ്ങളെ ഓർമ്മിപ്പിക്കും. വിശ്വാസ പ്രസ്ഥാനത്തിന്റെ തെറ്റായ പഠിപ്പിക്കലുകളുടെ ഫലമായി നാശവും മരണവും സംഭവിച്ചതായി ഇരുപത്തിയൊന്നു മുതൽ ഇരുപത്തി നാലുവരെയുള്ള അദ്ധ്യായങ്ങളിൽ നിന്ന് നിങ്ങൾക്കു മനസ്സിലാക്കാവുന്നതാണ്. രോഗത്തെയും കഷ്ടതയെയും സംബന്ധിച്ചുള്ള നാല് അബദ്ധ ഉപദേശങ്ങൾ ഇവയാണ്.*

*1. രോഗലക്ഷണങ്ങളും രോഗവും*

*നമുക്കു വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന ദൈവീക രോഗശാന്തിയും ആരോഗ്യവും കവരുന്നതിനുള്ള സാത്താന്റെ തന്ത്രങ്ങൾ ആണ് രോഗലക്ഷണങ്ങൾ.*

*2. സാത്താനും രോഗവും*

*രോഗിയുടെ കാര്യത്തിൽ വിശ്വാസ പ്രസ്ഥാനക്കാർ പ്രകടിപ്പിക്കുന്ന ക്രൂരത്വം അവിശ്വസനീയം ആണ്. നിങ്ങളുടെ ശരീരം ദൈവത്തിന്റെ വക എങ്കിൽ അത് രോഗത്തിന് അടിമയല്ല, രോഗം ഉണ്ടാകുവാനും സാദ്ധ്യമല്ല എന്നാണ് അറിയപ്പെടുന്ന വിശ്വാസ പ്രസ്ഥാന എഴുത്തുകാർ എല്ലാവരും വാദിക്കുന്നത്.*

*3. പാപവും രോഗവും*

*തങ്ങളുടെ പ്രിയപ്പെട്ടവർക്ക് മരണം സംഭവിച്ചത് അവരുടെ പാപം മൂലമാണെന്നു കേൾക്കേണ്ടിവന്നവരുടെ കഥകൾ ശ്രദ്ധിക്കുന്നത് രസകരമായിരിക്കുകയില്ല. പക്ഷെ അത് ആവശ്യമായിരിക്കുന്നു. കൾട്ടുകളുടെ സാമ്രാജ്യം സഭയുടെ ചുവരുകൾക്കുള്ളിൽത്തന്നെ ഉന്നുള്ള യാഥാർത്ഥ്യത്തെ കുണരുവാൻ അതു നമ്മെ സഹായിക്കും.*

*4. പരമാധികാരവും രോഗവും*

*ഏറ്റവും അധികം വിറ്റഴിക്കപ്പെടുന്ന രചനകളുടെ കർത്താവായ വ്യക്തി പറയുന്നത് "അങ്ങയുടെ ഹിതമെങ്കിൽ" എന്ന് ഒരിക്കലും ദൈവത്തോടു പറയരുത് എന്നാണ്. അപ്രകാരമുള്ള അവിശ്വാസത്തിന്റേതായ വാക്കുകൾ ഒരിക്കലും നിങ്ങളുടെ വായിൽ നിന്ന് വരരുത് എന്നും അദ്ദേഹം പറയുന്നു. ഇതു ആരംഭം മാത്രം. വിശ്വാസ പ്രസ്ഥാന ദൈവ ശാസ്ത്രത്തിന് ആദ്യ ഇരയായി തീരുന്നത് ദൈവത്തിന്റെ പരമാധികാരമാണ്.*

*ഗോൾഫ് കളി എനിക്കു പ്രിയങ്കരമാണ്. വർഷങ്ങളായി അത് എനിക്ക് സംതൃപ്തി നൽകിയിട്ടുണ്ടെങ്കിലും പലപ്പോഴും അത്യന്തം നിരാശാജനകമായ നിമിഷങ്ങളും പ്രദാനം ചെയ്തിട്ടു്. നിരവധി വർഷങ്ങളിലെ കളിയുടെയും അനുഭവത്തിന്റെയും വെളിച്ചത്തിൽ എനിക്ക് ഒരു യാഥാർത്ഥ്യം മനസ്സിലായി. കാര്യങ്ങൾ തെറ്റായ ദിശയിലേക്കു നീങ്ങുന്നത് ഏതെങ്കിലും പുതിയ മാർക്ഷരേഖ അനുസരിക്കുവാൻ ഞാൻ പരാജയപ്പെട്ടതുകൊല്ല മറിച്ച് ഞാൻ അടിസ്ഥാന കാര്യങ്ങളെ അവഗണിക്കുന്നതുകൊണ്ടാണ്. അടിസ്ഥാന പ്രമാണങ്ങളിലേക്കു മടങ്ങി വരുമ്പോൾ കാര്യങ്ങൾ യഥാസ്ഥാനത്താകുന്നത് കണ്ടു ഞാൻ അത്ഭുതപ്പെടാറുണ്ട്.*

*ഗോൾഫിനെ സംബന്ധിച്ച് യാഥാർത്ഥ്യമായിരിക്കുന്നത് പ്രതിസന്ധിയിലായ ക്രിസ്ത്യാനിത്വത്തെ സംബന്ധിച്ചും സത്യമാണ്. അടിസ്ഥാനതത്വങ്ങളിലേക്കു മടങ്ങിവന്നാൽ കാര്യങ്ങൾ അതിവേഗം നേരെയാകും. ഈ പ്രസ്താവന ആവേശകരമായി തോന്നുവാൻ ഇടയില്ല. എന്നാൽ യഥാർത്ഥത്തിൽ ജയകരമായ ക്രിസ്തീയ ജീവിതം അടിസ്ഥാന പ്രമാണങ്ങൾ പാലിക്കുന്നിടത്തുമാത്രമേ കാണുവാൻ കഴിയൂ. ഇരുപത്തിയഞ്ചു മുതൽ ഇരുപത്തി ഒൻപതുവരെയുള്ള അദ്ധ്യായങ്ങളിൽ അഞ്ചു ചുവടുവെപ്പുകളിലൂടെ എങ്ങനെ അടിസ്ഥാന പ്രമാണങ്ങളിലേക്കു മടങ്ങിവരുവാൻ കഴിയും എന്നു നമുക്കു ശ്രദ്ധിക്കാം. എ ബി സി ഡി ഇ എന്നീ അക്ഷരങ്ങൾ ഓർത്തിരിക്കുന്നതുപോലെ വളരെ എളുപ്പമാണ് അവ.*

A. *ആമേൻ* (Amen)

G *എന്ന അക്ഷരം കൊണ്ട് നാം ആരംഭിക്കുന്നു. അതു ആമേൻ എന്ന വാക്കിനെ കാണിക്കുന്നു. ആമേൻ എന്നു നാം പറയാറുള്ളത് പ്രാർത്ഥനയുടെ അവസാനത്തിൽ ആണ്. ദൈവവുമായുള്ള നമ്മുടെ സംഭാഷണത്തിന്റെ പ്രാഥമിക പടിയാണ് പ്രാർത്ഥന. പ്രാർത്ഥനയെ സംബന്ധിച്ച സത്യവും മിത്ഥ്യയും തിരിച്ചറിയുന്നതിന്* FACTS *എന്ന ഒരു ചുരുക്കെഴുത്ത്* (Acronym) *ഞാൻ ഉപയോഗിക്കുന്നു. അതു പ്രാർത്ഥനയുടെ ഉദ്ദേശ്യത്തെയും ശക്തിയെയും വ്യവസ്ഥകളെയും കുറിച്ച് നിങ്ങൾക്ക് ശരിയായ ധാരണ നൽകും.*

B. *ബി ബൈബിളിനെ കുറിക്കുന്നു. ദൈവവുമായി ആശയവിനിമയം നടത്തുന്നതിനുള്ള നമ്മുടെ പ്രാഥമിക മാർഗ്ഗം പ്രാർത്ഥന ആയിരിക്കുന്നതുപോലെ നമ്മോടു സംസാരിക്കുവാൻ ദൈവം ഉപയോഗിക്കുന്ന പ്രഥമ മാർഗ്ഗമാണ് ബൈബിൾ. ക്രമീകൃതമായ ആഹാരം അല്ല നാം കഴിക്കുന്നത് എങ്കിൽ നമ്മുടെ ശരീരത്തിന് പ്രയാസം അനുഭവിക്കേിവരും. അതുപോലെ തന്നെ നാം ദൈവവചനം ക്രമമായി ഭക്ഷിക്കുന്നില്ല എങ്കിൽ ആത്മീയമായി നാം വിഷമാവസ്ഥയിൽ ആകും* MEALS *എന്ന ചുരുക്കെഴുത്ത് വചനത്തിലേക്ക് നാം പ്രവേശിക്കേതു എങ്ങനെ എന്നതിനെക്കുറിച്ചും വചനം നിങ്ങൾ എങ്ങനെ ഉൾക്കൊള്ളണം എന്നതിനെ സംബന്ധിച്ചും ശരിയായ ധാരണ നിങ്ങൾക്കു നൽകും.*

C. *ചർച്ച്. സി എന്ന അക്ഷരം ചർച്ചിനെ പ്രതിനിധീകരിക്കുന്നു. ചിലർ ചെയ്യുന്നതുപോലെ കൂട്ടായ്മയെ (സഭായോഗങ്ങളെ) ഉപേക്ഷിക്കരുത് എന്ന് തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നു. (എബ്രായർ 10:24). എന്നാൽ ഇന്ന് അനേകർ കൂട്ടായ്മ വിട്ട് ടെലിവിഷന്റെ മുമ്പിൽ ആയിരിക്കുന്നു. ദൈവഹിതത്തിനു വഴങ്ങുന്നതിനു പകരം നാം നമ്മുടെ സംസ്കാരത്തോട് അനുരൂപപ്പെട്ടു പോകുന്നു.* G.O.D. *എന്ന ചുരുക്കെഴുത്ത് കൂട്ടായ്മ ബന്ധത്തെക്കുറിച്ചുള്ള ശരിയായ അർത്ഥം മനസ്സിലാക്കുന്നതിന് നമ്മെ സഹായിക്കും.*

D. *ഡിഫെൻസ് – പ്രതിരോധം എന്നതിനെ കാണിക്കുന്നു. അടിസ്ഥാന പ്രമാണങ്ങളിലേക്കു മടങ്ങി വരുക എന്നു പറഞ്ഞാൽ സത്യവിശ്വാസ സംരക്ഷണത്തിന് നമ്മെത്തന്നെ സജ്ജരാക്കുക എന്നാണർത്ഥം. ശീതസമരം കഴിഞ്ഞിരിക്കാം. എന്നാൽ സത്യവിശ്വാസ സംരക്ഷണത്തിനുള്ള ആവശ്യകത ആരംഭിക്കുന്നതേയുള്ളു. സത്യവിശ്വാസം സംരക്ഷിക്കുക എന്നത് കേവലം ഒരു നിർദ്ദേശം അല്ല, ഓരോ ക്രിസ്ത്യാനിയും പരിശീലനം നേടേ യാഥാർത്ഥ്യം ആണ്. അപ്പോൾ നിങ്ങൾക്കും അതാവശ്യമാണ്. നിങ്ങൾ ധരിക്കുന്നതുപോലെ അത് അത്ര കഠിനമല്ല. മൂന്നു പ്രധാന ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാൻ കഴിഞ്ഞാൽ നിങ്ങൾ അതിനു പ്രാപ്തർ ആയി.*

E. Essential- *അവശ്യം വേണ്ടവ*

C *എന്ന അക്ഷരം അതിപ്രധാനമായ* (essentials) *ചില കാര്യങ്ങളെ സൂചിപ്പിക്കുന്നു. ഐക്യത്തെക്കുറിച്ച് ഈ നാളുകളിൽ അധികം സംസാരിച്ചു കേൾക്കാറുണ്ട്. എന്നാൽ ഒഴിവാക്കുവാൻ കഴിയാത്ത ചില ക്രിസ്തീയ വിശ്വാസ പ്രമാണങ്ങളെ അവഗണിച്ചുകൊണ്ട് യഥാർത്ഥമായ ഒരു ഐക്യം സാദ്ധ്യമല്ല. സഭായുഗത്തിൽ പ്രതിസന്ധികളുടെ നടുവിൽ മുങ്ങിപ്പോകാതെ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയെ താങ്ങി നിറുത്തിയത് ഈ അടിസ്ഥാന പ്രമാണങ്ങളാണ്. ലോകാവസാനത്തോളം എല്ലാനാളും ഞാൻ നിങ്ങളോടു കൂടെയുണ്ട് എന്നു ക്രിസ്തു നമുക്കു വാഗ്ദത്തം നൽകിയിരിക്കുന്നു. (മത്തായി 28:20) യഥാർത്ഥ ക്രിസ്ത്യാനിത്വത്തിലേക്കു മടങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ സൂചികയായി* AGE *എന്ന വാക്ക് നമുക്ക് ഉപയോഗിക്കാം.*

*ഈ.ഡബ്ളിയൂ. കെന്യോനും മറ്റൊരു സുവി ശേഷത്തിന്റെ പ്രധാന പ്രചാരകരും.*

*കെന്യോനും മറ്റൊരു സുവിശേഷത്തിന്റെ പ്രധാന പ്രചാരകരും എന്ന ഒരു പ്രത്യേക ഭാഗം വിശ്വാസ പ്രസ്ഥാനത്തിലെ പ്രധാന വ്യക്തികളെ കൂടുതൽ അടുത്ത് അറിയുന്നതിന് നിങ്ങളെ സഹായിക്കും. സ്വാഭാവികമായി അവിശ്വസിക്കയോ നിരാകരിക്കുകയോ ചെയ്യത്തക്ക നിലയിൽ ഞെട്ടിപ്പിക്കുന്ന വസ്തുതകൾ ആയിരിക്കും അതു വായിക്കുമ്പോൾ നിങ്ങൾ കണ്ടെത്തുക. എന്നാൽ ഞാൻ രേഖപ്പെടുത്തുന്ന കാര്യങ്ങൾ കൃത്യത നിറഞ്ഞതും രേഖാമൂലം തെളിയിക്കപ്പെടുന്നവയും ആണ്.*

*ഇക്കാര്യങ്ങൾ എല്ലാം ഓർമ്മയിൽ വെച്ചുകൊണ്ട് വിശ്വാസ പ്രസ്ഥാനക്കാരുടെ വിശ്വാസത്തിലെ വിശ്വാസം എന്ന അബദ്ധ ഉപദേശത്തിലേക്ക് നമുക്കു കടക്കാം.*

*(ഈ പുസ്തകം വാങ്ങുവാൻ താല്പര്യമുള്ളവർ താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക.)*


**ക്രിസ്ത്യാനിറ്റി ഇൻ ക്രൈസിസ് എന്ന പുസ്തകം ആവശ്യമുള്ളവർ ബന്ധപ്പെടുക.**

വിലാസം:

K.P.Varghese,

Bethel, Njalbhagam, Kaviyoor P.O.

Thiruvalla, Pattabamthitta - 689582

**Ph: 0469-2618764, Mob: 9446505463**


## പെന്തക്കോസ്ത് ഗോളത്തിലെ അപകടസ്ഥിതി ...........

*പിയായ ധനവാൻ അനേകം അസഭ്യപദങ്ങൾ നിരത്തി നമ്മുടെ ബുദ്ധിജീവിയെ ശകാരിച്ചു. ബുദ്ധിമാനെന്തുചെയ്തന്നോ? ചീത്തവാക്കുകളുടെ പ്രവാഹമവസാനിച്ചപ്പോൾ ധനികനോട് പറഞ്ഞു: "ആ വിളിച്ചതെല്ലാം നിങ്ങളുടെ പേരുകളാണ്. എന്റെ പേരറിയാമെങ്കിൽപ്പറയണം." കലികയറിയ ധനവാൻ ഇരട്ടിശക്തിയോടെ പുതിയ പുതിയ അസഭ്യപദങ്ങൾ ചേർത്തുവിളിച്ചു. തീർന്നപ്പോൾ മറുപടി: " നിങ്ങൾക്കു മനസ്സിലായില്ലേ,വിളിക്കുന്നതെല്ലാം നിങ്ങളുടെ പേരുകളാണ്. എന്റെ പേരറിയാമെങ്കിൽ വിളിക്ക്." എന്തിനധികം, ബുദ്ധിയുടെ മുൻപിൽ ബുദ്ധികേടു പരാജയപ്പെട്ടു.*

*ജീവിതത്തിൽ യാദൃച്ഛികമെന്നു പല കാര്യങ്ങൾ തോന്നിയാലും സൂക്ഷിച്ചു നോക്കിയാൽ ആ മുടൽ മഞ്ഞിലൂടെ ദൈവത്തിന്റെ കരങ്ങൾ നമുക്കു കാണാം. ഞാൻ അച്ചൻപട്ടം സ്വീകരിച്ചപ്പോൾ അത് അക്ഷരിക പൗരോഹിത്യമാണെന്നും ആത്മീയ പൗരോഹിത്യത്തിനു വേണ്ടി ഞാനതുവെടിയേണ്ടി വരുമെന്നും ചിന്തിച്ചില്ല. എന്നാൽ, ആ ശുശ്രൂഷയിൽ വായിച്ച വേദഭാഗം എന്റെ ഭാവിയുടെ വിളംബരമായിരുന്നു. യെശയ്യാ പ്രവചനത്തിൽനിന്ന് "എളിയവരോടു സദ്വർത്തമാനം ഘോഷിപ്പാൻ" എന്ന പദങ്ങളിൽ ദൈവമെന്നെക്കണ്ടിരുന്ന ദീർഘദൃഷ്ടികൾ. ഇന്നു തിരിഞ്ഞോർക്കുമ്പോൾ ഞാൻ വിനീതനാകുന്നു. പാപത്തിലും ശാപത്തിലും നാം കിടക്കുമ്പോഴും നമുക്കു ദൈവത്തെ അറിയാനാകാതിരുന്നപ്പോഴും ദൈവം നമ്മെ അറിഞ്ഞിരുന്നു. നമ്മെ താങ്ങിയിരുന്നു, നമുക്കായി ഒരു ഭാവി രൂപീകരിച്ചിരുന്നുവെന്നുള്ളത് എത്രയോ വിസ്മയനീയമായിരിക്കുന്നു!*

*പല ആളുകളും മറവിക്കാരാണെന്നു പറയാറുണ്ടെങ്കിലും മറ്റുള്ളവരുടെ കുറ്റങ്ങൾ മറക്കാതെ സൂക്ഷിക്കും. കഴിവുള്ളിടത്തോളം ദോഷങ്ങളെക്കാൾ കൂടുതൽ നന്മയോർക്കാനാണെനിക്കു താല്പര്യം. ഒരു കുഞ്ഞു പിറക്കുന്നതുവരെ പ്രസവവേദനയാണ്. എന്നാൽ കുഞ്ഞിനെ കാണുന്ന സന്തോഷം ആ വേദന മറക്കുമാറാക്കുന്നു. എന്റെ പിന്നിട്ട ജീവിതം, വിശിഷ്യാ നാലുവർഷത്തെ സെമിനാരിയഭ്യസനകാലം ഓർമ്മകളുടെയൊരു ഖനിഗർഭമാണ്. പല കർമ്മങ്ങളും നിർജ്ജീവ പ്രവൃത്തികളായെനിക്കു തോന്നിയിരിക്കുന്നു. അതിന്റേതായ മനംമടുപ്പുകളുമനുഭവപ്പെട്ടിരുന്നു. എങ്കിലും, നാളെ നല്ലതുവരുമെന്ന ചിന്തയോടെഅതിനെയൊക്കെ മറികടക്കാൻ ഞാൻ കാത്തിരുന്നു. ശ്വാസം മുട്ടുന്ന ഒരു പതനത്തിലെത്തിയപ്പോൾ എന്നിലെ പ്രതിഷേധങ്ങൾ വിവിധ ഭാവങ്ങളിൽ പ്രകടമായി. തൻനിമിത്തം ഒരു വിരുദ്ധനെപ്പോലെയോ, നിഷേധിയെപ്പോലെയോ എന്നെക്കണ്ടിരുന്നവരും ഇല്ലാതിരുന്നില്ല. എങ്കിലും, മോശ മിസ്രയിമിൽ സഹിച്ചുനിന്നതുപോലെ, ഞാനും കുറെ സഹിച്ചു. മോശയെ വിട്ടയയ്ക്കാതിരിപ്പാൻ ഫറവോൻ ശ്രദ്ധിച്ചതുപോലെ അനുനയ വാക്കുകളാൽ എന്നെയും പിടിച്ചു നിർത്താൻ പലരും ശ്രമിച്ചു. പക്ഷേ, കടപ്പാടു ദൈവത്തോടായിരുന്നതിനാൽ മനുഷ്യരെ വിരോധികളാക്കികൊണ്ടു ദൈവത്തെ അനുസരിക്കാൻ ഞാൻ തയ്യാറെടുത്തു. ഈ കുറിപ്പെഴുതുന്ന ദിവസം, ഒരു പത്രവാർത്തയിൽ, ഒരു സഭാധികാരി പറഞ്ഞതു വായിച്ചു– സമുദായക്കേസിനു നൂറു വർഷം തികയുന്നുവെന്ന്. അങ്ങനെയെങ്കിൽ, വഴക്കിന്റെ ശതാബ്ദിഘോഷിക്കുന്നതിനു മുൻപു ഞാൻ രക്ഷപ്പെട്ടതെത്രയോ ഭാഗ്യമായിപ്പോയെന്നോർത്ത് ആശ്വസിക്കുന്നു.*



| RNI No. 68089 / 97 | THE DEFENDER | REGISTERED |
|---|---|---|
| 2007 April 1 | | KL/ALY/0031/2006-08 |

# പേരുവിളിക്കൽ ശുശ്രൂഷയും ചില വസ്തുതകളും

പേരു വിളിക്കൽ ശുശ്രൂഷ ഏറെ ജനപ്രീതി നേടിയിരിക്കുന്ന കാലമാണിത്. പോട്ടയിലും മുരിങ്ങൂരിലും പേരുവിളിക്കൽ പൊടിപൂരമായി നടക്കുന്നു. ദിനകരൻ പേര് വിളിക്കാൻ തുടങ്ങിയിട്ട് കാലം കുറെ ആയി. മകനും ഇപ്പോൾ പേര് വിളിക്കുന്നു. പേര് വിളിക്കുന്നത് തൊഴിലാക്കിയ ആളാണ് സുരേഷ് ബാബു. സാമച്ചനും പേരുവിളിക്കൽ ശുശ്രൂഷകൻ തന്നെ. ഇവരെ കൂടാതെ ചെറിയവരും വലിയവരുമായ പലരും പേരുവിളിക്കൽ നടത്തുന്നു. ജനം അന്ധാളിക്കുന്നു.

പേരു വിളിക്കൽ ശുശ്രൂഷയുടെ നെല്ലും പതിരും തിരിക്കുക എന്നതാണ് ഈ കുറിപ്പിന്റെ ഉദ്ദേശ്യം. അതുകൊണ്ട് ഈ പരിപാടി ദൈവവചന വെളിച്ചത്തിൽ പരിശോധിക്കാം.

ദൈവം സർവ്വജ്ഞനാണ്. എല്ലാവരുടേയും പേരും അവരുടെ പ്രശ്നങ്ങളും നന്നായറിയാം. ദൈവാത്മ പ്രേരണയാൽ ഒരാളുടെ പേര് ഏതെങ്കിലും ദൈവദാസൻ വിളിച്ചെന്നും വരാം. അതുകൊണ്ട് പ്രസംഗത്തിലോ പ്രവചനത്തിലോ പ്രാർത്ഥനയിലോ ഒരു ദൈവദാസൻ ദൈവാത്മ പ്രേരണയാൽ പേര് പറയുന്നത് അസംഭവ്യമല്ല. ഇതര വെളിപ്പാടുകൾ പോലെ പേരും വെളിപ്പെടാം. വസ്തുത ഇതാണെങ്കിലും ഇന്നത്തെ പേരുവിളിക്കൽ ശുശ്രൂഷകൾ ദൈവാത്മാവിലുള്ളതല്ല.

ആദ്യമായി പോട്ടയിലെ പേരുവിളിക്കലിനേക്കുറിച്ച് പറയാം. പോട്ടയിലും മുരിങ്ങൂരിലും ധ്യാനത്തിൽ പങ്കെടുക്കുന്നവർ രജിസ്ട്രേഷൻ എടുക്കുന്നുണ്ട്. പേരും വിലാസവും മറ്റും പറഞ്ഞാണ് രജിസ്റ്റർ ചെയ്യുന്നത്. ഇവരെ കൗൺസിലിംഗിനും മറ്റും വിധേയരാക്കുമ്പോൾ രോഗങ്ങൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അറിയുവാനും കഴിയും. അതോടെ പേര്, രോഗം തുടങ്ങിയ എല്ലാ കാര്യങ്ങളും പറയാൻ എളുപ്പമാകും. പേരും രോഗവും മറ്റും കൃത്യമായി പറയുന്നത് ഈ വിധഥ്തിലാണ്.

ഈ വിധത്തിൽ അല്ലാതെയും പേരുവിളിക്കൽ ശുശ്രൂഷ നടത്താം. ആയിരക്കണക്കിന് ആളുകളാണ് അവിടെ ഓരോ മീറ്റിംഗിലും പങ്കെടുക്കുന്നത്. നമ്മുടെ നാട്ടിലുള്ള ഏതു പേര് പറഞ്ഞാലും ശരിയാകും എന്നതാണ് സ്ഥിതി. അഥവാ തെറ്റിയാലും പ്രശ്നമില്ല. കാരണം, ആ പേരുള്ളവർ അവിടെയുണ്ടോ എന്ന് ആരും പരിശോധിക്കുന്നില്ലല്ലോ. മാത്രമല്ല വിളിച്ചു പറഞ്ഞ പേരുകളിൽ നല്ലൊരുപങ്ക് ശരിയാണെന്ന് കാണുന്നതോടെ സംശയാലുക്കൾ പോലും വിശ്വസിച്ചുപോകും. രോഗം സൗഖ്യമായി എന്ന് ഒരു ആവേശത്തിന് സാക്ഷ്യം പറയാനും ചിലർ തയ്യാറാകും. സുരേഷ് ബാബു ഉൾപ്പെടെയുള്ളവർ സ്റ്റേജുകളിൽ പ്രയോഗിക്കുന്നതും ഇതേ അടവുതന്നെ.

പേരു വിളിക്കൽ ശുശ്രൂഷയിൽ സാക്ഷ്യത്തിനുള്ള പങ്കും അവഗണിക്കാനാവില്ല. സ്റ്റേജിൽ നിന്ന് ‘‘മറിയാമ്മേ, നിന്റെ വയറ്റിൽ വേദന ഇതാ സൗഖ്യമാകുന്നു’’ എന്ന് പ്രസംഗകൻ പറയുന്നു. അയ്യായിരമോ പതിനായിരമോ ആളുകൾ ഉള്ളിടത്ത് പത്തോ ഇരുപതോ മറിയാമ്മ ഉണ്ടായിരിക്കും. അവരിൽ ഏതാനും മറിയാമ്മമാർക്ക് വയറ്റിൽ വേദനയും കാണും. ഇവരിൽ ഒരാളെങ്കിലും ‘‘ദൈവദാസൻ എന്റെ പേരു വിളിച്ചപ്പോൾ 25 വർഷമായി എനിക്കുണ്ടായിരുന്ന വയറ്റിൽ വേദന സൗഖ്യമായി’’ സാക്ഷ്യം പറയുകയും ചെയ്യും. ഇതു കേൾക്കുന്നതോടെ സദസ്യർ ഹാലേലൂയ്യാ പറയും. പ്രസംഗകൻ അത്ഭുതവീരനാണെന്നതിന് വേറെ തെളിവെന്തിന്?

ദിനകരനേയും മകനേയും പോലുള്ള ടി.വി പ്രസംഗകർ പേരുവിളിക്കൽ ശുശ്രൂഷ ടി.വിയിലും നടത്തുന്നു. ടി.വി പ്രസംഗത്തിനിടയിൽ ‘‘ഗ്രേസി എന്നു പേരുള്ള ഒരു സഹോദരിയുടെ യൂട്രസിലെ ട്യൂമർ ഇതാ ദൈവം സൗഖ്യമാക്കുന്നു’’ എന്ന് പറയും. കേൾവിക്കാരിൽ നിരവധി ഗ്രേസിമാരുണ്ടാകും. തന്റെ യൂട്രസിലുണ്ടായിരുന്ന ട്യൂമർ ഈ പ്രോഗ്രാം കേട്ടുകൊണ്ടിരുന്നപ്പോൾ അപ്രത്യക്ഷമായെന്ന് ഗ്രേസി അനുഭവസാക്ഷ്യം എഴുതി അയച്ചെന്നും വരാം. പ്രസംഗകൻ തന്റെ പ്രസംഗത്തിനിടയിൽ ഈ കത്ത് വായിക്കയോ സ്വന്തം മാസികയിൽ പ്രസിദ്ധീകരിക്കയോ ചെയ്യുന്നതോടെ പേരുവിളിക്കലിന് വിശ്വാസ്യത ലഭിക്കുന്നു. ഈ ഗ്രേസിയെ അന്വേഷിച്ച് കണ്ടുപിടിച്ച് സത്യം ബോദ്ധ്യപ്പെടാൻ ആരും തയ്യാറാകയില്ല. അഥവാ ആരെങ്കിലും അത്തരം ഒരു പരിപാടിയുമായി ഇറങ്ങിയാൽ ഗ്രേസിയുടെ വിലാസം കിട്ടിയില്ലെന്നും വരാം. എങ്ങനെയെങ്കിലും ഗ്രേസിയെ കണ്ടു പിടിച്ചാലും പ്രശ്നം തീരുന്നില്ല. ട്യൂമർ ഉണ്ടായിരുന്നു എന്ന് ഗ്രേസിക്ക് തോന്നി. പേരു വിളിക്കുന്നത് കേട്ടപ്പോൾ രോഗം സൗഖ്യമായെന്ന് വിശ്വസിക്കയും ചെയ്തു. ഗ്രേസിക്ക് യഥാർത്ഥത്തിൽ രോഗം ഉണ്ടായിരുന്നെങ്കിൽ രോഗം സൗഖ്യമായിട്ടില്ല എന്നും കണ്ടെത്തും.

പേരു വിളിക്കാൻ സാമച്ചനേപ്പോലുള്ളവർ ചില തന്ത്രങ്ങൾ പ്രയോഗിക്കാറുണ്ട്. ചുറ്റുപാടും ഉള്ളവർ അന്യോന്യമുള്ള സംഭാഷണത്തിൽ തികച്ചും സ്വാഭാവികമായി പേര് വിളിക്കുന്നത് സാമച്ചൻ ശ്രദ്ധിച്ച് കേൾക്കുകയും ആ പേരുകൾ ഓർമ്മയിൽ വെയ്ക്കുകയും ചെയ്യും. പിന്നീട് സൗകര്യം ഒത്തു വരുമ്പോൾ ആ പേര് ഉപയോഗിക്കും. വിശ്വാസ്യ ഉണ്ടാക്കുവാനായി ചില തന്ത്രങ്ങളും പ്രയോഗിക്കും. നേരിട്ട് പേരു പറയുകയല്ല മറിച്ച് ആ പേര് ഭാഗം ഭാഗമായി വെളിപ്പെട്ടു വരികയാണ് എന്ന് തോന്നത്തക്കവിധത്തിലായിരിക്കും പറയുക. ഉദാഹരണത്തിന് ‘‘ബേബിക്കുട്ടി’’ എന്നാണ് പറയേണ്ടതെങ്കിൽ ‘‘ബേ...ബേ... ബേബ്.... ബേബി... കുട്ട്....കുട്ട്... കുട്ടി... കുട്ടി... ബേബിക്കുട്ടി’’ എന്ന് പറയും. ജനം വിശ്വസിച്ചു പോകും എന്നു തീർച്ച. ജനം അഥ്ബുതങ്ങലുടെ പിന്നാലെ ഓടുന്നിടത്തോളം കാലം ഇതൊക്കെ പൊടിപൂരമായി നടക്കും.

## നിങ്ങളുടെ വീട്ടിലും വേണ്ടേ ഒരു ബൈബിൾ സ്ക്കൂൾ?

### വിഷയവിവരം:

| C.D. 1 - അടിസ്ഥാന വേദോപദേശങ്ങൾ | C.D. 2 - കൾട്ടുകൾ | C.D. 3 - ആത്മലോകം | C.D. 4 - ദുരുപദേശങ്ങൾ | C.D. 5 - ലോക മതങ്ങൾ |
|---|---|---|---|---|
| 1. രക്ഷ | 1. കൾട്ടിന്റെ ലക്ഷണങ്ങൾ | 1. അദൃശ്യലോകം | 1. ഉപദേശവും ദുരുപദേശവും | 1. മതങ്ങളുടെ ഉത്ഭവം |
| 2. വിശ്വാസസ്നാനം | 2. യഹോവാസാക്ഷികൾ | 2. കൃപാവരങ്ങൾ 1 | 2. വിശ്വാസത്തിന്റെ ആധാരം | 2. ഹിന്ദുമതം 1 |
| 3. പരിശുദ്ധാത്മസ്നാനം | 3. ശാബതുകാർ | 3. കൃപാവരങ്ങൾ 2 | 3. സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും | 3. ഹിന്ദുമതം 2 |
| 4. ആത്മീയ കൂട്ടായ്മ | 4. പത്തു കല്പനകൾ | 4. ആത്മവിവശത | 4. പൗരോഹിത്യം | 4. പ്രജാപതിപ്രശ്നം |
| 5. തിരുവത്താഴം | 5. ബ്രൻഹാമിസം | 5. ദൈവദൂതൻമാർ | 5. കൂദാശകൾ | 5. ഇസ്ലാംമതം |
| 6. ദൈവവചനം | 6. റ്റി.പി.എം. | 6. സാത്താന്യ തന്ത്രങ്ങൾ | 6. കന്യാമറിയം | 6. ബുദ്ധമതം |
| 7. പ്രാർത്ഥന | 7. ക്രിസ്റ്റാഡെൽഫിയൻസ്, ക്രിസ്ത്യൻ സയൻസ് | 7. ഭൂതബാധ 1 | 7. വിശുദ്ധൻമാർ | 7. ജൈനമതം |
| 8. വേർപാട് | 8. മൊർമോൺ, ഫാമിലി, യൂണിഫിക്കേഷൻ ചർച്ച് | 8. ഭൂതബാധ 2 | 8. സെന്റ് തോമസ് | 8. സിക്ക് മതം |
| 9. അനുഭവസാക്ഷ്യം | 9. ആത്മാവ്, നരകം | 9. ഒക്കൾട്ട് | 9. പെരുന്നാളുകൾ | 9. സൊറവാസ്ട്രിയൻ മതം |
| 10. വിശ്വാസജീവിതം | 10. ത്രിത്വം | 10. വഞ്ചിക്കുന്ന പിശാച് | 10. വേർപെട്ട സഭകൾ | 10. സുവിശേഷീകരണം |

| C.D. 6 - വ്യാഖ്യാനശാസ്ത്രം | C.D. 7 - ഭാവികാലശാസ്ത്രം | C.D. 8 - ബൈബിളിൽ തെറ്റുണ്ടോ? | C.D. 9 - ദൈവശാസ്ത്രപരമായ പ്രശ്നങ്ങൾ | C.D. 10 - ധാർമ്മിക പ്രശ്നങ്ങൾ |
|---|---|---|---|---|
| 1. പഴയനിയമം 1 | 1. ഭാവികാലവും ബൈബിളും | 1. ഉല്പത്തി | 1. വെളിപ്പാടും അന്യമതങ്ങളും | 1. ആത്മാവിന്റെ പ്രമാണം |
| 2. പഴയനിയമം 2 | 2. മരണാനന്തര ജീവിതം | 2. കയീൻ മുതൽ ബാബേൽ വരെ | 2. മുൻനിർണ്ണയം | 2. വൈവാഹിക പ്രശ്നങ്ങൾ 1 |
| 3. പഴയനിയമം 3 | 3. യേശുവിന്റെ മടങ്ങിവരവ് | 3. അബ്രഹാമിന്റെ കാലം | 3. യേശുവും രക്ഷയും | 3. വൈവാഹിക പ്രശ്നങ്ങൾ 2 |
| 4. പഴയനിയമം 4 | 4. 70 ആഴ്ചവട്ടം | 4. രാജാക്കൻമാർ | 4. പ്രാർത്ഥനയും ആരാധനയും | 4. വൈവാഹിക പ്രശ്നങ്ങൾ 3 |
| 5. പുതിയനിയമം 1 | 5. ഏഴു സഭകൾ | 5. കാവ്യപുസ്തകങ്ങൾ | 5. സഭയിലെ ശുശ്രൂഷകർ | 5. കുടുംബജീവിതം |
| 6. പുതിയനിയമം 2 | 6. ഏഴു മുദ്രകൾ | 6. സുവിശേഷങ്ങൾ | 6. യഥാർത്ഥ ഉണർവ്വ് | 6. ട്രസ്റ്റുകളും സൊസൈറ്റികളും |
| 7. പുതിയനിയമം 3 | 7. മഹാപീഡനകാലം | 7. ശാസ്ത്രവും വെളിപ്പാടും | 7. പ്രായോഗിക പ്രശ്നങ്ങൾ | 7. മദ്യവും മയക്കുമരുന്നും |
| 8. പുതിയനിയമം 4 | 8. വെളിപ്പാട് 12, 13 | 8. പുതിയനിയമകാലം | 8. സുവിശേഷഘോഷണം | 8. രാഷ്ട്രീയവും മാദ്ധ്യമങ്ങളും |
| 9. പുതിയനിയമം 5 | 9. ബാബിലോൺ | 9. ബൈബിൾ അപൂർണ്ണമോ? | 9. വിവിധതരം ദൈവശാസ്ത്രങ്ങൾ | 9. ആഭരണപ്രശ്നം |
| 10. പുതിയനിയമം 6 | 10. ന്യായവിധികൾ | 10. ബൈബിളും ശാസ്ത്രവും | 10. സഭയും പ്രശ്നങ്ങളും | 10. സഭയും പീഡയും |

MP3 ഫോർമാറ്റിലുള്ള ഓഡിയോ സി.ഡികൾ. ആകെ 10 സി.ഡികൾ.
ഓരോ സി.ഡിയിലും 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. ആകെ ദൈർഘ്യം: 100 മണിക്കൂർ.
വില: (ഇന്ത്യയിൽ) ഒരു സി.ഡി. – 100 രൂപ. 10 സി.ഡികൾ: 900 രൂപ.
വിദേശത്ത്: 10 സി.ഡികൾ – US$ 50 or Rs. 2000/- പോസ്റ്റേജ് സൗജന്യം.
(ഗൾഫിലേക്ക് സി.ഡി അയയ്ക്കുന്നത് സുരക്ഷിതമല്ല. അതുകൊണ്ട് ഗൾഫിലുള്ളവർ 900 രൂപയും ഇന്ത്യയിലെ അഡ്രസ്സും അയക്കുക).
DVD ആവശ്യമുള്ളവർ ആ വിവരം പ്രത്യേകം എടുത്ത് പറയേണ്ടതാണ്.
വില T.S.Balan എന്ന പേരിൽ ഡി.ഡി./ചെക്ക്/മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

ഇപ്പോൾ DVD MP3 AUDIO ലഭിക്കുന്നു

**T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam. Pin. 683542**
**Ph: 0484-3232356, 9447414608**

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan